ശ്രീ. കെ. പ്രകാശ് ബാബു : ആക്ഷൻ ടേക്കൺ റിപ്പോർട്ട് കൊടുക്കണ മല്ലോ, ഞാൻ ചെയർമാനോട് സംസാരിച്ചപ്പോഴും അങ്ങനെയൊരു റിപ്പോർട്ടി ലേയ്ക്ക് വരുന്നില്ല. ആക്ഷൻ ടേക്കൺ റിപ്പോർട്ട് വരുകയും അതിന്റെ ഫോളോഅപ്പ് ആയിട്ടുള്ള മറ്റ് നടപടികളിലേയ്ക്ക് പോകുമ്പോഴല്ലേ നമ്മൾ പാസ്സാക്കിയതിന്റെ പ്രയോജനം വരുന്നുള്ളൂ, അതിലോട്ട് വരണം അതാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്.

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : റിപ്പോർട്ടാവശ്യപ്പെടുന്ന പ്രമേയങ്ങളാണ് അധികവും വരുന്നത്. നമ്മൾ സാമാന്യമായി എഴുതിവിടുന്നുവെന്നാണ് അവർ പറയുന്നത്, അവരാണ് തീരുമാനിക്കേണ്ടത് എന്നുള്ള രീതിയാണ്.

ശ്രീ. ജി. കാർത്തികേയൻ : ഇത്തരം പ്രമേയങ്ങൾ ബഹുമാനപ്പെട്ട ചെയർമാൻ പറഞ്ഞത് കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെടുന്നതിനാണല്ലോ ഇംപ്ലിമെന്റേഷന് ഭരണപരമായ ഒരു ബുദ്ധിമുട്ടുള്ളത്. കേരള ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന പ്രമേയങ്ങളും പാസ്സാക്കിയിട്ടുണ്ടല്ലോ? അപ്പോൾ ഈ കാര്യത്തിൽ ചെയർ ഒരു നിലപാടെടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെയുണ്ട്. കേന്ദ്ര ഗവൺമെന്റിനോട് നമുക്ക് അഭ്യർത്ഥിക്കാനേ പറ്റൂ. കേരള ഗവൺമെന്റിന് ചില ഉത്തരവാദിത്വങ്ങളുണ്ട്. അതുകൊണ്ട് സ്റ്റേറ്റ് ഗവൺമെന്റ് ചെയ്യേണ്ടതായ കാര്യങ്ങൾ സ്പെസിഫൈ ചെയ്ത് അതിന് ഫോളോ അപ്പ് ആക്ഷനുണ്ടാകണം. കേന്ദ്ര ഗവൺമെന്റിന്റെ കാര്യത്തിൽ മാത്രമേ മറ്റുള്ള delicasy വരികയുള്ളൂ.

മി. സ്പീക്കർ : അപ്പോൾ ഒരു കാര്യം ചെയ്യാം. ശ്രീ. കെ. പ്രകാശ്ബാബു ഇവിടെ ഉന്നയിച്ചത് വളരെ നന്നായി. അപ്പോൾ അങ്ങയുടെ നോട്ടീസുൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായ പരിശോധനയ്ക്കുവേണ്ടി, അതിൽ സെൻട്രൽ ഗവൺമെന്റിനുള്ള റെസല്യൂഷൻ ഉണ്ട്. സ്റ്റേറ്റിന്റെ റെസല്യൂഷനുണ്ട്. അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പറഞ്ഞല്ലോ അതെല്ലാം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനുവേണ്ടി കൺസേൺഡ് കമ്മിറ്റിയിലെ ചെയർമാനെ ഏർപ്പെടുത്തുന്നു.

അനൗദ്യോഗികാംഗങ്ങളുടെ കാര്യം (തുടർച്ച)

(ii) പ്രമേയങ്ങൾ

(1) ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. രാജു : സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുകയാണ്.

"ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി "നോർക്ക" വഴി സംസ്ഥാന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികൾ കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കുന്നതിനും ഇവരുടെ യാത്ര, കുടുംബാംഗങ്ങളുടെ സംരക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം, ഗൾഫ് മേഖലകളിൽ തൊഴിലവസരങ്ങൾ കുറയുന്നതുമൂലം മടങ്ങിവരുന്നവരുടെ പുനരധിവാസം തുടങ്ങിയ കാര്യങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാരിനോടും ഗൾഫ് മലയാളികൾക്ക് വോട്ടവകാശം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോടും ഈ സഭ ആവശ്യപ്പെടുന്നു.

വിദേശരാജ്യങ്ങളിൽ ഇന്ത്യാക്കാരായ ഏകദേശം 68 ലക്ഷത്തോളം ആളുകൾ ഉണ്ടെന്നാണ് ഏകദേശം കണക്ക്. 68 ലക്ഷത്തോളം ഭാരതീയർ

LIBRARY ARCHIVES Kerala Legislative Assembly

വിദേശത്തുള്ളതിൽ ഗൾഫ് രാജ്യങ്ങളിൽമാത്രം 30 ലക്ഷം ഇൻഡ്യാക്കാർ ഉണ്ട്. ആ 30 ലക്ഷത്തിൽ 20 ലക്ഷം പേരും കേരളീയരാണ് എന്നു വരുമ്പോൾത്തന്നെ കേരളത്തിലെ വിദേശത്തു താമസിക്കുന്ന മലയാളികളുടെ പ്രശ്നങ്ങൾ എന്താണ്; അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് സ്വീകരിക്കേണ്ട വളരെ ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രാധാന്യം അർഹിക്കുകയാണ്. വിദേശത്ത് താമസിക്കുന്ന വിദേശ ഇന്ത്യാക്കാരിൽ 30% പേരും കേരളീയരാണ്. സ്വാഭാവികമായും കേരളീയരായിട്ടുള്ള നമുക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാകുന്ന വാർത്തകളാണ് ഗൾഫ് നാടുകളിൽനിന്ന് വന്നുകൊണ്ടിരിക്കുന്നത്. ഗൾഫ്നാടുകളിൽ മൊത്തമുള്ള ഇന്ത്യാക്കാരിൽ 62% കേരളീയരാണ് എന്നതും വളരെ സവിശേഷത അർഹിക്കുന്ന പ്രശ്നമാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ അതുകൊണ്ടുതന്നെ വിദേശമലയാളികൾ വഹിക്കുന്നപങ്ക് വളരെ പ്രാധാന്യം അർഹിക്കുന്നു. പ്രതിവർഷം 5000 കോടിയുടെ വിദേശനാണ്യം വിദേശ മലയാളികളിൽനിന്ന് കേരളത്തിൽ വന്നുചേരുന്നു എന്നാണ് ഇപ്പോഴത്തെ കണക്ക്. അതു മാത്രമല്ല നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ മൂന്നുനാലു വർഷക്കാലമായി മൊത്തം വിദേശ മലയാളികളുടെ നിക്ഷേപം ഓരോ വർഷം കഴിയുന്തോറും വർദ്ധിച്ചുവന്നുകൊണ്ടിരിക്കുകയാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1996 -ൽ 8103 കോടി രൂപയായിരുന്നത് 1997 മാർച്ച് ആയപ്പോൾ 10,178 കോടി രൂപയായി വർദ്ധിച്ചു. 1998 മാർച്ച് ആയപ്പോൾ 12,735 കോടിരൂപയായി വർദ്ധിച്ചു. 1998 ഡിസംബറിൽ 14,281 കോടി രൂപയായി വിദേശ മലയാളികളുടെ മൊത്തം നിക്ഷേപം വർദ്ധിച്ചുവെന്നു പറയുമ്പോൾ വിദേശ മലയാളികളുടെ പ്രാധാന്യം കേരളത്തിന്റെ സമ്പദ്ഘടനയിൽ എത്രയേറെ സ്വാധീനിക്കുന്നുണ്ട് എന്നതിനെ സംബന്ധിച്ച് ഞാൻ പ്രത്യേകമായി പറയേണ്ട ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. മറുനാട്ടിൽ ജോലിചെയ്ത് ജീവിക്കുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അവരെ സഹായിക്കാനുംവേണ്ടി സംസ്ഥാന ഗവൺമെന്റ് ഒട്ടേറെ പ്രാവശ്യം ഇതു സംബന്ധിച്ച് പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ട്. നിയമസഭയിൽതന്നെ ഒരുപക്ഷെ ഇതിനുമുമ്പ് പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ടാകാം. കേരളീയരായ 20 ലക്ഷത്തോളം വരുന്ന സഹോദരൻമാരും സഹോദരിമാരും മണലാരണ്യത്തിൽപോയി മണ്ണിനോട് മല്ലടിച്ചുകൊണ്ട്, അവരുടെ രക്തം വിയർപ്പാക്കിമാറ്റി അവിടന്ന് കിട്ടുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തങ്ങളുടെ കുടുംബത്തെ സംരക്ഷിക്കാനും കേരളത്തിലെ സമ്പദ്ഘടനയെ മുന്നോട്ടുനയിക്കുന്നതിനുവേണ്ടി കേരളത്തിലെ നിക്ഷേപമായി വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ വിദേശ നിക്ഷേപം വളരെ ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുണ്ട്. കേരളാ ഗവൺമെന്റ് ഇക്കാര്യത്തിൽ അഭിനന്ദനം അർഹിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഒരുപാട് പോരായ്മകൾ ചൂണ്ടിക്കാണിക്കാൻ ഉണ്ടെങ്കിൽപോലും കേരളാ ഗവൺമെന്റ് പ്രവാസി വകുപ്പ് ഇക്കാര്യത്തിൽ അഭിനന്ദനാർഹമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഒട്ടേറെ പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ട് അവശേഷിക്കുന്നു എന്നുള്ളകാര്യം ഞാൻ വിസ്മരിക്കപ്പെടുന്നില്ല. ഒരുപാട് പോരായ്മകൾ ഉണ്ട്. അതെല്ലാം പരിഹരിക്കപ്പെടണം. വിദേശത്ത് ജോലി ചെയ്യുന്നവർ കേരളത്തിൽ വരുമ്പോൾ അവരെക്കണ്ട് സംസാരിക്കുമ്പോഴാണ് അവരുടെ പ്രശ്നങ്ങൾ എന്താണെന്ന് ഗൗരവതരമായി മനസ്സിലാക്കാൻ കഴിയുന്നത്. ഈ നിയമസഭയിൽ മിക്കവാറും എല്ലാ പാർട്ടി പ്രതിനിധികളും ഗൾഫ് നാടുകളിൽ പോയി മലയാളികളെകണ്ട് അവരുടെ ക്ഷേമം അന്വേഷിച്ച് വരുന്നവരാണ്. അന്വേഷിക്കേണ്ടത് ആവശ്യവുമാണ്. 20 ലക്ഷത്തോളം വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

മലയാളികൾ ഗൾഫ്നാടുകളിൽ ഉണ്ടെന്നു പറഞ്ഞാൽ അത് നിസ്സാരകാര്യമ ല്ല. കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യമുണ്ടോ; ആരോഗ്യ സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടോ; അവിടത്തന്നെ തൊഴിൽ പ്രശ്നങ്ങൾ വല്ലതുമുണ്ടോ എന്നൊക്കെ അന്വേഷിക്കേണ്ടത് ആവശ്യമാണ്.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, അവിടെ പോയി ക്ഷേമം അന്വേ ഷിക്കുന്നതിനുപകരം അവിടത്തെ ജനങ്ങളെ മുഴുവൻ അപമാനിക്കുന്ന തര ത്തിലുള്ള പെരുമാറ്റം അവിടെ പോയി ഉണ്ടാക്കിയിട്ടുണ്ട് എന്നുള്ളകാര്യം അങ്ങേയ്ക്ക് അറിയുമോ?

<u>ശ്രീ. പി. രാജു</u> : അത് എനിയ്ക്കറിയില്ല. ബഹുമാനപ്പെട്ട വേണുഗോ പാൽ അവിടെ പോയി അങ്ങനെ എന്തെങ്കിലും ആക്ഷേപം ഉണ്ടാക്കിയിട്ടു ണ്ടോയെന്ന് എനിയ്ക്കറിയില്ല. ഏതായാലും കേരളത്തിൽ നിന്ന് പോകുന്ന ഒറ്റ മനുഷ്യരും വിദേശരാജ്യങ്ങളിൽ മലയാളികളുടെ അന്തസ്സിന് കോട്ടം തട്ട ത്തക്കരീതിയിൽ പ്രവർത്തിക്കാൻ ഇടയില്ല എന്നു വിശ്വസിക്കുന്ന ആളാണു ഞാൻ. അതുപോലെ ചില കേസ്സുകൾ ഉണ്ടാകാം. ഇപ്പോൾ അത് പുതിയ അനുഭവമാണ്. അതുകൊണ്ട് പ്രവാസിവകുപ്പ് കേരളത്തിലെ വിദേശ മലയാളി കളെ സഹായിക്കുന്നതിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങളെ അഭിനന്ദി ക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. പ്രവാസി വകുപ്പു മായി ബന്ധപ്പെട്ട് ഒട്ടേറെ പദ്ധതികൾ വിദേശ മലയാളികളെ സഹായിക്കുന്ന തിനുവേണ്ടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിൽ ഒരുപാട് പോരായ്മ കൾ ഉണ്ട്. അതിനെ സംബന്ധിച്ച് ഞാൻ പറയുന്നില്ല. വിദേശ മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നമ്മുടെ നിയമസഭയിൽ നമ്മൾ മാത്രം വിചാരിച്ചാൽ ശരിയാകുകയില്ല. ഈ കാര്യത്തിൽ കേരള നിയമസഭയും കേരള ഗവൺമെന്റും സംഘടിതമായി നിന്നുകൊണ്ട് സംസ്ഥാന ഗവൺമെന്റിനും സംസ്ഥാനത്തിനും ചെയ്യാവുന്നതു മുഴുവൻ ചെയ്തുകൊണ്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഇക്കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. വിദേശത്ത് ജോലി ചെയ്യുന്നവരിൽ വ്യവസ്ഥാപിതമായ മാർഗ്ഗത്തി ലൂടെ പോയവരുണ്ട്. വ്യവസ്ഥാപിതമല്ലാത്ത മാർഗ്ഗത്തിലൂടെ പോയ ആളുക ളുണ്ട്. നമ്മുടെ നാട്ടിൽനിന്ന് ഗൾഫ് നാടുകളിലേക്കുള്ള കുത്തൊഴുക്കിനെ സംബന്ധിച്ച് ഞാൻ പറയേണ്ട കാര്യമില്ല. നിരവധി ഏജൻസികൾ നമ്മുടെ നാട്ടിൽ അംഗീകൃതവും അംഗീകാരം ഇല്ലാത്തതുമായി പ്രവർത്തിക്കുന്നുണ്ട്. വിദേശ മലയാളികൾ എന്നുപറഞ്ഞാൽ ഗൾഫ് നാടുകളിൽ മാത്രമല്ല ലോക ത്തിന്റെ ഏത് കോണിൽ ചെന്നാലും ഏതു മൂക്കിലും മൂലയിലും ചെന്നാലും ഒരു മലയാളിയെങ്കിലും കാണാൻ കഴിയുമെന്നുള്ളതാണ് മലയാളികളുടെ പ്രത്യേകത. തൊഴിൽ അന്വേഷണത്തിനുവേണ്ടി ജീവസന്ധാരണത്തിനു വേണ്ടി ലോകത്തിന്റെ ഏതു മൂലയിലും ഏതറ്റംവരെ പോയി തൊഴിൽ കണ്ടെ ത്തുന്നതിന് ആവശ്യമായ സാങ്കേതികവിദ്യ ലഭിച്ചിട്ടുള്ളവരാണ് കേരളീയർ എന്നുള്ളതുകൊണ്ട് എവിടംവരെ പോകുന്നതിനും കേരളീയർക്ക് മടിയില്ല. നിരവധി റിക്രൂട്ടിംഗ് ഏജൻസികൾ കേരളത്തിൽ മാന്യമായി പ്രവർത്തിക്കുന്നു ണ്ട്. എന്നാൽ ആ റിക്രൂട്ടിംഗ് ഏജൻസിയുടെ മറവിൽ ജനങ്ങളെ പറ്റി ക്കാൻവേണ്ടി ജനങ്ങളുടെ കയ്യിൽനിന്നും പണം തട്ടിയെടുക്കാനും തൊഴിൽ കൊടുക്കാതിരിക്കാനും പ്രവർത്തിക്കുന്ന അമാന്യമായി പെരുമാറുന്ന ഏജൻസികൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ട് എന്നുള്ളത് പത്രവാർത്തയിലൂടെ മനസ്സിലാക്കാൻ കഴിയുന്നതാണ്. വിദേശത്ത് വ്യവസ്ഥാപിതമായ മാർഗ്ഗത്തി

LIBRARY ARCHIVES Kerala Legislative Assembly

ലൂടെയും അല്ലാതെയും പോകുന്ന ആളുകൾ ഇന്ന് നമ്മുടെ നാട്ടിൽ ഉണ്ട്. വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ പോകുന്നവരുടെ പ്രശ്നങ്ങൾ മാത്രമല്ല, വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെയല്ലാതെ പോകപ്പെട്ട് നമ്മുടെ സഹോദരൻമാരും സഹോദരിമാരും ജയിലിൽ കിടക്കുകയാണ്. ഈ കഴിഞ്ഞ ദിവസങ്ങളിലാണ് കുറച്ചുപേരെ മോചിപ്പിച്ചത്. ഇനിയും നിരവധി സഹോദരൻമാർ ഗൾഫ് രാജ്യങ്ങളിൽ ജയിലിൽ നിയമതടസ്സം കൊണ്ടു കിടക്കുന്നവരുണ്ട്. (അദ്ധ്യക്ഷവേദിയിൽ മി.ഡെ: സ്പീക്കർ) അവരെ മോചിപ്പിക്കാൻ നിയമപരമായ നടപടികൾ സ്വീകരിക്കണം. കേരള ഗവൺമെന്റും ഇന്ത്യാ ഗവൺമെന്റും എംബസിയുമായി ബന്ധപ്പെട്ട് അവരെ മോചിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ തീർച്ചയായും സ്വീകരിക്കേണ്ടതാണ്. ഇന്ന് ഗൾഫ് രാജ്യങ്ങൾ നമ്മുടെ രാജ്യം പോലെയല്ല. തൊഴിൽ കിട്ടിയാലും ഏതു സമയത്തും പിരിച്ചു വിടാം. കോൺട്രാക്ട് അവസാനിച്ചാൽ ഒഴിവാക്കാം. കോൺട്രാക്ട് അവസാനിക്കുന്നതിനുമുമ്പുതന്നെ തൊഴിൽ നിഷേധിച്ചുകൊണ്ട് പറഞ്ഞയക്കാനുള്ള വ്യവസ്ഥയാണ് ഗൾഫ് രാജ്യങ്ങളിൽ നിലനിൽക്കുന്നത്. അതുകൊണ്ട് ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കുമ്പോൾതന്നെ വ്യാവസ്ഥാപിതമായും അല്ലാതെയും ഗൾഫ്നാടുകളിൽ പോയി ജോലി ചെയ്യുന്ന കേരളീയരുടെ ക്ഷേമത്തിനുവേണ്ടിയുള്ള നിയമാനുസൃതമായ പ്രവർത്തനങ്ങൾ നടപ്പിലാക്കാനും അവിടത്തെ എംബസിയുമായി ബന്ധപ്പെട്ട് അവരെ സഹായിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ ഗൾഫ് രാജ്യങ്ങളിൽ തൊഴിൽരംഗത്ത് ഒരു പുതിയ പ്രസ്ഥാനം, സ്വദേശവൽക്കരണം വന്നിട്ടുണ്ട്. സൗദി അറേബ്യയും ബഹറിനിലുമൊക്കെ ഇക്കാര്യത്തിൽ വളരെ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. ഗൾഫ് നാടുകളിലെ പുതിയ കുടിയേറ്റ നിയമം കേരളത്തെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു. ലോക്കലൈസേഷൻ, ആ രാജ്യങ്ങളുടെ പ്രാദേശികരംഗത്ത് തൊഴിൽ കിട്ടണമെന്നുള്ള വാദഗതി ഇന്നവിടെ സജീവമായി വന്നുകൊണ്ടിരിക്കുന്നു. ഒമാൻ തുടങ്ങിയ രാജ്യങ്ങളിൽ സ്ത്രീകൾ തൊഴിലിന് പോയിത്തുടങ്ങിയിരിക്കുന്നു. ഇതെല്ലാം കേരളത്തെയാണ് നേരിട്ട് പ്രതികൂലമായി ബാധിക്കാൻ ഇടയായിട്ടുള്ളത്. സൗദി അറേബ്യയിൽ ഉണ്ടായിട്ടുള്ള പുതിയ സാഹചര്യങ്ങൾ പരിശോധിച്ചാൽ, സൗദി അറേബ്യയിലെ പബ്ളിക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്മിനിസ്ട്രേഷന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത് 2000 ആണ്ട് ആയാൽപോലും സൗദിയിലെ 59% തൊഴിൽ മേഖലയിലും വിദേശികൾതന്നെ വേണ്ടിവരും എന്നുള്ളത് നമുക്ക് ആശ്വാസം പകരുന്നതാണ്. സൗദി ഗവൺമെന്റിന്റെ 6-ാം പഞ്ചവൽസര പദ്ധതി ലക്ഷ്യമിട്ടിരുന്നതുപോലെ സ്വകാര്യമേഖലയിലും പൊതുമേഖലയിലും യോഗ്യതയുള്ള മുഴുവൻ പേർക്കും നിയമനം നൽകണമെന്നുള്ള നിർദ്ദേശമാണ് അംഗീകരിച്ചിട്ടുള്ളത്. അത് നടപ്പിലാക്കിയാൽപോലും പൂർണ്ണമായി അംഗീകരിച്ചാൽ പോലും 45% മേഖലയിൽ മാത്രമേ ഈ നിയമനം കൊണ്ട് അതിന്റെ ആവശ്യം പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. സൗദി അറേബ്യയിലാണെങ്കിൽ 1,75,00,000 ജനസംഖ്യയുണ്ട്. അതിൽ 60 ലക്ഷം വിദേശികളാണ്. അഞ്ചു ലക്ഷം കേരളീയരാണ്. സൗദിയിലെ നിയമം പ്രതികൂലമായി ബാധിക്കപ്പെട്ടാൽ അത് കേരളത്തെ വളരെ ദോഷകരമായി ബാധിക്കും. ഏറ്റവും സമ്പന്നമായ രാഷ്ട്രമാണ് സൗദി.

<u>ശ്രീ. കെ. പ്രകാശ്ബാബു</u> : വേതനം പറ്റിക്കൊണ്ട് ജോലി ചെയ്യുന്നതിനുവേണ്ടി ശ്രീലങ്കയിൽനിന്നും പാകിസ്ഥാനിൽനിന്നും ഒക്കെ ആളുകൾ അവിടെ എത്തി ജോലി ചെയ്യുന്നത് മലയാളികളായ ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും വലിയ ഭീഷണിയായി വന്നിരിക്കുന്നു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രാജു : ഇത് സംബന്ധിച്ച് ഡോ. പി. രാമവർമ്മൻ ഹിന്ദുവിൽ ഒരു പഠനം നടത്തിയിട്ടുണ്ട്. അദ്ദേഹം ഹിന്ദു ലേഖകനാണ്. അദ്ദേഹം പഠനം നടത്തിയ റിപ്പോർട്ട് 15.6.1999-ലെയും 18.6.1999 ലെയും ഹിന്ദു പത്രത്തിൽ വളരെ വിശദമായി ഉണ്ട്. The Gulf: Is the party over? അത് വളരെ നല്ല പഠനമാണ്. Besides, there is the striff അതിൽ ശ്രീ. പ്രകാശ് ബാബു സൂചിപ്പിച്ച വിഷയമാണ്.

Besides, there is the stiff competition from job-seekers from States like Punjab as well as from countries such as Pakistan, Bengladesh, Palestine, Thailand and the Philippines. Moreover, the demolition of Babri Masjid in 1992 has led to lesser intake of Indians in countries like Saudi Arabia.....അത് വലിയ ഒരു പ്രശ്നമാണ്. ശ്രീ. രാമവർമ്മൻ വളരെ വിശദമായി അതിൽ പഠനം നടത്തിയിട്ടുണ്ട്.

Is the economy of the state which has been heavily dependent on remittances from Non-Resident Keralities (NRK) in the Gulf. Since mid-Seventies, heading for a crisis following the large scale return of emigrant workers since 1996?

1996 മുതൽ ഇങ്ങോട്ട് വന്നുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം വച്ചു നോക്കുമ്പോൾ നമുക്ക് ഒരിക്കലും ആശ്വാസം നല്കുന്ന നടപടികളല്ല ഗൾഫ് ഗവൺമെന്റിൽ വന്നിട്ടുള്ള പുതിയ നിയമങ്ങളുടെ ഫലമായി ഉണ്ടാകുന്നത്.

ശ്രീ. സി.കെ. രാജേന്ദ്രൻ : ഗൾഫിൽനിന്നും നാട്ടിൽ വരുന്ന മലയാളികളുടെ ഏറ്റവും വലിയ ബുദ്ധിമുട്ട് ഈ സമയത്ത് ഇങ്ങോട്ടുവരുന്ന കാര്യമാണ്. ഇത് സ്കൂൾ അടച്ച സമയമാണ്. ജൂലൈ മാസം വരാനും ആഗസ്റ്റുമാസം തിരിച്ചുപോകാനും യാത്ര ചെയ്യാൻ ഫ്ളൈറ്റ് ഇല്ലാത്ത പ്രശ്നമാണ്. അതുപോലെ കേരളത്തിലുള്ള 3 സ്ഥലങ്ങളിലും ടിക്കറ്റ് നിരക്ക് വ്യത്യസ്തമാണ്. ടിക്കറ്റ് നിരക്ക് വളരെ കൂടുതലാണ്. അത് ഒന്ന് ഏകീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജു : നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. അദ്ദേഹം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ എയർലൈൻസും എയർ ഇന്ത്യയും ഇക്കാര്യത്തിൽ ഒരു അയവേറിയ സമീപനം സ്വീകരിക്കണം. കൂടുതൽ ഫ്ളൈറ്റുകൾ ആരംഭിക്കണം. നമ്മുടെ സഹോദരൻമാർക്ക് കേരളത്തിൽവന്ന് അവരുടെ കുട്ടികളെയും അവരുടെ കുടുംബാംഗങ്ങളെയും സുഹൃത്തുളെയും കാണാൻ കഴിയുന്നില്ല. കച്ചവടക്കാർ ആണെങ്കിൽപോലും കച്ചവട സീസൺ വന്നാൽ കച്ചവട സാധനങ്ങൾ വീട്ടിൽ കൊണ്ടുചെന്നു വയ്ക്കണ്ടേ? എയർ ഇന്ത്യ ഈരംഗത്ത് ഒരു കുത്തകയാണ്. എയർലൈൻസ് അത് അനുവദിക്കുന്നില്ല. ഇന്ത്യൻ എയർലൈൻസ് കുത്തക അവകാശപ്പെടുന്നു. അതിന്റെ ഫലമായി ഗൾഫ് രാജ്യങ്ങളിൽ നിന്നും അവധിക്കാലത്തു ബൾക്കായി ആളുകൾക്ക് നാട്ടിലേക്കുവരാൻ കഴിയുന്നില്ല. വർഷാവർഷം ലീവ് കിട്ടുമ്പോൾ ആ സമയത്ത് നാട്ടിൽ വന്ന് സഹോദരങ്ങളെയൊക്കെ കാണുന്നതിനും സുഹൃത്തുക്കളെ കാണുന്നതിനും ഫ്ളൈറ്റ് സർവീസിന്റെ അപര്യാപ്തതകൊണ്ട് വരാൻ സാധിക്കുന്നില്ല. യാത്രാചാർജ് വളരെ കൂടുതലാണ്. ഗൾഫ് രാജ്യങ്ങളിലേക്കുള്ള ഫ്ളൈറ്റ് തിരുവന

LIBRARY ARCHIVES Kerala Legislative Assembly

ന്തപുരത്തുനിന്നായാലും കൊച്ചിയിൽ നിന്നായാലും കോഴിക്കോടുനിന്നാ യാലും എയർ ഇന്ത്യ കുത്തകയാക്കി മാറ്റുന്നു. ആ രംഗത്ത് പുതിയ ഏജൻസി കൾ കടന്നുവരണം. എയർ ഇന്ത്യയും ഇന്ത്യൻ എയർലൈൻസും ഇന്നു നട പ്പാക്കുന്ന, മുഖ്യമന്ത്രി ആവശ്യപ്പെട്ടതുപോലെ കൂടുതൽ സർവ്വീസ് ആരംഭിച്ചു കൊണ്ട് ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കണം. ടിക്കറ്റ് ചാർജ് കുറയ്ക്കണം. കേന്ദ്ര ഗവൺമെന്റ് ശക്തമായ സമ്മർദ്ദം ചെലുത്തി നടപടി സ്വീകരിക്കണം. അവർ വിദേശനാണ്യം നേടിത്തരുന്നവരാണ്. വിദേശ നാണ്യം നേടിത്തരുന്നവരെ ചൂഷണം ചെയ്യുന്ന നടപടിയാണ് ഇന്ന് എയർ ഇന്ത്യ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് യാത്രാ ചാർജ് കുറയ്ക്കണം. അത് ഒരു പ്രധാനപ്പെട്ട ആവശ്യമായി ഗൾഫ് മലയാളികൾ എപ്പോഴും ഉ യർത്തുന്നതാണ്. നേരിട്ടുള്ള ഫ്ളൈറ്റ് സർവ്വീസ്, അത് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഒരു കച്ചവടക്കാരനാണെങ്കിൽ ഒരു ഉത്സവ സീസൺ വന്നാൽ കച്ചവടത്തിൽ എത്ര ചെലവാകും, എത്ര സാധനങ്ങൾ സ്റ്റോക്ക് ചെയ്യണം. അത് കണക്കാക്കി സാധനങ്ങൾ കച്ചവടം ചെയ്യണം. എയർ ഇന്ത്യയ്ക്ക് അതറിയില്ലേ? ഇത് വെക്കേഷൻ സമയമാണ്. വിദേശ മലയാളി കൾക്ക് സ്വന്തം നാട്ടിൽ വരാനുള്ള സൗകര്യം ഒരുക്കേണ്ടത് എയർ ഇന്ത്യയും ഇന്ത്യൻ എയർലൈൻസുമാണ്. അത് മുൻകൂട്ടി കാണണ്ടേ? ഹജ്ജ് തീർത്ഥാ ടനം ഉണ്ടാക്കുന്നതെങ്ങനെയാണ്? സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെടും. ഇതിനുവേണ്ടി പ്രത്യേകമായി മന്ത്രിയെ തന്നെ ചുമതലപ്പെടുത്തി ആവശ്യമായ സൗകര്യം ഒരുക്കുകയാണ്. എത്രയോ ആളുകൾ പോകുന്നു. ഒരു ബുദ്ധിമുട്ടും ഇല്ലാത്ത വിധത്തിൽ യാത്രാ സൗകര്യം ഉണ്ടാക്കുന്നതിൽ ഗവൺമെന്റ് ഇടപെടുന്നു. അതുപോലെ ഈ കാര്യത്തിൽ എയർഇന്ത്യ കാണിക്കുന്ന തെറ്റായ പ്രവണത അവസാനിപ്പി ക്കാൻ കുറച്ചുകൂടി ശക്തമായി ഇടപെടണമെന്നാണ് എനിക്ക് ആവശ്യപ്പെടാ നുള്ളത്. അതുപോലെ പ്രധാനപ്പെട്ട ഒരു വിഷയം, ഗൾഫ് മലയാളികൾ ഇന്ത്യയിൽ വരുന്നതാണ്. അവരുമായി സംസാരിക്കാൻ കഴിയുന്നതാണ്.

<u>ശ്രീ. കെ. പ്രകാശ്ബാബു</u> : ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് നിർമ്മിച്ച 'ഗർഷോം' എന്ന സിനിമ നാലുപ്രാവശ്യം കണ്ടയാളാണ് ഈ പ്രമേയം അവ തരിപ്പിച്ച് സംസാരിക്കുന്ന ബഹുമാനപ്പെട്ട അംഗം. അതിൽ പറയുന്നതു പോലെ ഫ്ളൈറ്റ് ചാർജ് വർദ്ധനവ് ഗൾഫ് മലയാളികളെ നേരിടുന്ന വലി യൊരു പ്രശ്നം തന്നെയാണ്. എന്നാൽ അതോടൊപ്പം തന്നെ അവർ തിരിച്ച് നാട്ടിൽ എത്തിക്കഴിയുമ്പോൾ ഭാര്യയും മക്കളും വീട്ടിലുള്ളവരും ബന്ധു ക്കളും എല്ലാവരും ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. എപ്പോഴാണ് തിരിച്ചുപോ കുന്നതെന്ന്. ആ ചോദ്യം മാനസികമായി അവരെ വളരെയധികം വിഷമ ത്തിൽ എത്തിക്കുന്ന ചോദ്യമാണ്. അത് സംബന്ധിച്ച് അങ്ങയുടെ അഭിപ്രായ മെന്താണ്?

<u>ശ്രീ. പി. രാജു</u> : രണ്ടു വർഷം കൂടി നാട്ടിൽ വരുമ്പോൾ അങ്ങനെ ചോദിക്കാൻ വഴിയില്ല്. അത് സിനിമയ്ക്കകത്തുള്ള ഒരു പ്രത്യേക സങ്കൽപ്പം ആയിരിക്കാം. ഒരു കേരളീയ പാരമ്പര്യം ഉള്ളവരും ഭാരതീയസംസ്കാരം ഉള്ള വരും പെട്ടെന്ന് ചോദിക്കാറില്ല. വിദേകമലയാളികൾ നേരിടുന്ന പ്രശ്നം പരി ഹരക്കുന്നതിന് വിദേശ മലയാളികൾക്കായി കൊച്ചി, തിരുവനന്തപുരം, കോഴി ക്കോട് എന്നീ മൂന്നു സ്ഥലങ്ങളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭി ക്കാനും വിദേശ മലയാളികൾ വന്നാൽ ഹോട്ടലിൽ താമസിക്കുന്നത്, ചില പ്പോൾ രണ്ടു മണിക്കൂർ നേരത്തേക്കായിരിക്കും ആവശ്യം. അതിനു അമിത

LIBRARY ARCHIVES Kerala Legislative Assembly

മായ ചെലവുണ്ടാകുന്നു. യാത്രാ പ്രശ്നമുണ്ട്. ഫ്ളൈറ്റ് ടൈം അറിയണം. ബസ് ടൈം അറിയണം. ടാക്സി കിട്ടണം, മറ്റ് ഇൻഫർമേഷൻ കിട്ടണം. അതു കൊണ്ട് തിരുവനന്തപുരം കൊച്ചി, കോഴിക്കോട് എന്നീ മൂന്നു സ്ഥലങ്ങളിലും അതുമായി ബന്ധപ്പെട്ട് മൂന്ന് ഫെസിലിറ്റേഷൻ സെന്ററുകൾ ഗൾഫ് മലയാളി കൾക്കുവേണ്ടി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. പ്രവാസി വകുപ്പു മായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാൻ കഴിയണം. അവർക്ക് അത്യാവശ്യം ദിനചര്യകൾ നടത്തുന്നതിന്, ഇൻഫർമേഷൻ കിട്ടുന്നതിന് അതുപോലെ ഫ്ളൈറ്റ് ലേറ്റായാൽ അവിടെ താമസിക്കുന്നതിന്; ഇതൊന്നും മാത്രമല്ല, കൺവേയൻസ് ഭാരിച്ച ചെലവാണ്. അത് ഒഴിവാക്കുന്നതിനെല്ലാം ഇത് ഉപ യോഗപ്പെടുത്താൻ കഴിയണം. അതുകൊണ്ട് ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കണം എന്നത് ഗൾഫ് മലയാളികളുടെ ആവശ്യമാണ്. ഗൾഫ് മലയാ ളികളുടെ ചിരകാലാഭിലാഷം വോട്ടവകാശമാണ്. സംസ്ഥാന രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ട് യോഗം വിളിച്ചുകൂട്ടി ചർച്ച ചെയ്ത് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഗൾഫിലെ മലയാളികൾക്ക് വോട്ടവ കാശം ലഭ്യമാക്കുന്നതിനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം.

സർ, ഇന്ത്യാരാജ്യത്തിലെ എംബസികൾ ഗൾഫ് രാജ്യങ്ങളിലൊക്കെ യുണ്ട്. മറ്റ് രാജ്യങ്ങളിലെ തൊഴിലാളികൾക്കോ അല്ലെങ്കിൽ ഗൾഫിൽ താമസിക്കുന്നവർക്കോ പ്രശ്നമുണ്ടായാൽ എംബസികൾ സജീവമായി ഇട പെടുന്നു. നമ്മുടെ എംബസികൾക്ക് സജീവമായി ഇടപെടാൻ കഴിയുന്നില്ല, അതിനു കാരണം നമ്മുടെ ജനപ്പെരുപ്പമാണ്. നമ്മുടെ ആളുകളുടെ എണ്ണം കൂടുതലാണ്. അതനുസരിച്ച് എംബസികളുടെ ശേഷി വിദേശരാജ്യങ്ങളിൽ വർദ്ധിപ്പിച്ചിട്ടില്ല. അതുകൊണ്ട് എംബസിയുടെ പ്രവർത്തനം ശക്തിപ്പെടു ത്തണം, ഒരു പ്രശ്നമുണ്ടായാൽ അതിൽ സജീവമായി ഇടപെടാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കണം. വിദേശരാജ്യങ്ങളിലെ എംബസികൾക്ക് സ്ട്രെങ്ത് കൂട്ടണം. അവിടെ നമ്മുടെ പ്രശ്നങ്ങൾക്ക് മറ്റ് രാജ്യങ്ങളിലെ ജനങ്ങൾക്ക് ലഭ്യമാകുന്നതുപോലെ അംഗീകാരവും പ്രശ്നങ്ങളിൽ ഇടപെട്ട് തീർക്കുന്നതി നുള്ള നടപടികൾ സ്വീകരിക്കുന്നതിന് എംബസികളെ ശക്തിപ്പെടുത്തുന്നതി നാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. ഗൾഫ് മലയാളികൾ ഇങ്ങോട്ട് പിരിഞ്ഞുവരികയാണ്, വന്നുകൊണ്ടിരിക്കുകയാണ്. അവരുടെ പുന രധിവാസം ഇന്നൊരു പ്രശ്നമാണ്. ഗൾഫ് രാജ്യങ്ങളിൽ ഇന്ന് തൊഴിലവ സരം കുറഞ്ഞുവരുന്നു, ഇങ്ങോട്ട് പോന്നുകൊണ്ടിരിക്കുകയാണ്. അത് 1970-ൽ ആരംഭിച്ചതാണ്, ഇപ്പോൾ വർദ്ധിച്ചുകൊണ്ടു വരികയാണ്. അതു കൊണ്ട് ഈ ഗൾഫ്രാജ്യങ്ങളിൽ നിന്ന് പിരിഞ്ഞുവരുന്നവർക്ക്, തൊഴിൽ നഷ്ടപ്പെട്ട് വരുന്നവർക്ക് പുനരധിവാസം ഒരു പ്രധാന പ്രശ്നമായി ഉയർത്തി കൊണ്ടുവരണം. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം. സ്വയംതൊഴിൽ കണ്ടെത്തുന്ന പദ്ധതികൾ പുതിയ തോതിൽ കണ്ടുപിടിച്ച് അവർക്ക് തൊഴിൽ ഉണ്ടാക്കി കൊടുക്കാൻ സംസ്ഥാന ഗവൺമെന്റ് വേണ്ട നടപടികൾ സ്വീകരിക്കണം. ഇന്റർ നാഷണൽ സ്റ്റാൻഡേർഡുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്ന മലയാളികളാണ് ഗൾഫ് രാജ്യങ്ങളിലുള്ളത്. ആ തൊഴിൽരംഗത്ത് നിരവധി വൈദഗ്ദ്ധ്യം നേടിയവ രാണ് അവർ. ആ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾക്ക് അവിടെ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് ഇവിടെ വന്നാൽ അവരെ നമ്മുടെ സംസ്ഥാനത്തിന് എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയും എന്നുള്ളത് ഗൗരവമായി പരിശോധി ച്ചുകൊണ്ട് അവരെ പുനരധിവസിപ്പിക്കുന്നതിനും, അവർക്ക് തൊഴിലവസര ങ്ങൾ ഉണ്ടാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കപ്പെടണം. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗവൺമെന്റ് കിൻഫ്രായുമായി ബന്ധപ്പെട്ട് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആ നടപടികൾ മാത്രം പോരാ, അതിനു വേഗത കൂട്ടണം. വിദേശനിക്ഷേപം നമ്മുടെ നാട്ടിൽ ഉപയോഗിക്കുന്നത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. വിദേശ നിക്ഷേപം ഇന്ന് നമ്മുടെ നാട്ടിൽ ഉപയോഗപ്പെടുത്തുന്നതിന് നമുക്ക് സാധ്യത കുറഞ്ഞുവരുന്നു. വിദേശരാജ്യത്തുനിന്ന് വ്യവസായം തുടങ്ങാൻ നമ്മുടെ കേരളത്തിൽ വരുന്നവർക്ക് അനുഭവങ്ങൾ അത്ര ആശ്വാസകരമല്ല. എന്റെ ഒരു സുഹൃത്ത് വ്യവസായം തുടങ്ങാൻ ഇവിടെ വന്നു. ഒരു മീറ്റ് ഫാക്ടറി തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചതാണ്. ഗവൺമെന്റിൽ നിന്നും ക്ലിയറൻസ് കിട്ടണം. ഒരു മീറ്റ് ഫാക്ടറി ആരംഭിക്കാനുള്ള ലൈസൻസിന് അപേക്ഷിച്ചു. ഒരു മണിക്കൂർകൊണ്ട് കിട്ടാവുന്ന ലൈസൻസ് നാലുമാസം കഴിഞ്ഞിട്ടാണ് കിട്ടിയത്. മാത്രമല്ല വിദേശ മലയാളികൾ കേരളത്തിൽ പണം മുടക്കാൻ തയ്യാറാണ്. പക്ഷെ അവരുടെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കപ്പെടുന്നില്ല. ഒരു കേന്ദ്രത്തിൽ നമ്മൾ സിംഗിൾ ഡോർ സിസ്റ്റം നടപ്പാക്കുന്ന മാതിരി, വിദേശ മലയാളികൾ നിക്ഷേപം മുടക്കാൻ വരുന്നവർക്ക് അവരുടെ എല്ലാ പ്രശ്നങ്ങളും ഒരു കേന്ദ്രത്തിൽ കൈകാര്യം ചെയ്തുകൊണ്ട് അവർക്ക് പ്രോൽസാഹനം നൽകുന്നതിനുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം. അങ്ങനെ മാത്രമേ നമുക്ക് ഗൾഫ് നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിയൂ. ഗൾഫ് മലയാളികൾ പറയുന്നത് അവരുടെ നിക്ഷേപം നിരവധി മേഖലകളിൽ മുടക്കാൻ അവർ തയ്യാറാണെന്നാണ്. ആരോഗ്യരംഗത്ത്, വാണിജ്യ രംഗത്ത് ടൂറിസം രംഗത്ത്, വ്യവസായരംഗത്ത്, ഫുഡ് പ്രോസസ്സിംഗ് രംഗത്ത്, ഹോട്ടൽ അതുപോലെ തന്നെ വിദ്യാഭ്യാസ രംഗത്തും അവർ പണം മുടക്കാൻ തയ്യാറാണ്. വിദേശ മലയാളികളുടെ ആവശ്യങ്ങളിലൊന്നായ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ കാര്യം-ഒരുപാട് പ്രശ്നങ്ങളുണ്ട്, അഡ്മിഷൻ കിട്ടാൻ തടസ്സമുണ്ട്. അതുകൊണ്ട് വിദേശ മലയാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് പ്രത്യേക സൗകര്യം ഏർപ്പെടുത്തണം. അവിടെ ഗൾഫ് രാജ്യത്തിൽത്തന്നെ പ്ളസ് ടൂ വരെ പഠിക്കാൻ മാത്രമേ സൗകര്യമുള്ളൂ. കൂടുതൽ പഠിക്കുന്നതിന് അവർ തന്നെ പണം മുടക്കി കോളേജ് സ്ഥാപിക്കാൻ തയ്യാറാണ്. സംസ്ഥാന ഗവൺമെന്റ് ഇത് പരിഗണിക്കാൻ തയ്യാറാകണം. അതിനാവശ്യമായ നടപടികൾ സ്വീകരിക്കപ്പെടണം. അതുകൊണ്ട് ഞാൻ ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. വിദേശ മലയാളികളുടെ നിക്ഷേപം എങ്ങനെയാണ് നമ്മുടെ സംസ്ഥാനത്ത് ചെലവഴിക്കപ്പെടുന്നത്, അതിൽ ഗണ്യമായ പങ്ക് ഭൂമി വാങ്ങിക്കുന്നതിനുവേണ്ടി ചെലവഴിക്കപ്പെടുന്നു. മൊത്തം വിദേശ മലയാളികൾ ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണത്തിൽ 20% അവർ ഭൂമി വാങ്ങാൻ ഉപയോഗപ്പെടുത്തുകയാണ്. ഏറ്റവും ഭയാനകമായ വസ്തുത ഈ വിദേശ മലയാളികളുടെ നിക്ഷേപത്തിന്റെ ഗണ്യമായ തുകയും ഉല്പാദനമേഖലയിൽ ഉപയോഗിക്കാതെ ഇന്ന് കെട്ടിട നിർമ്മാണ രംഗത്ത് വിനിയോഗിക്കുകയാണ്. അതുകൊണ്ട് ഈ കാര്യത്തിൽ ശാശ്വതമായ പരിഹാരം ഉണ്ടാക്കുന്നതിന് നടപടി ഉണ്ടാക്കണം. ഇവിടെ വിദേശ മലയാളികൾക്ക് വീട് വയ്ക്കുന്നതിന് പ്രശ്നങ്ങളുണ്ട്. *(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. പി. ബാലൻവൈദ്യർ)*

ശ്രീ. ടി.എം. ജേക്കബ് : സർ, ഇന്ന് ഇവിടെ അനൗദ്യോഗിക പ്രമേയങ്ങളാണ്. ഇതിന്റെ സമയം ഒന്ന് ക്രമീകരിച്ചാൽ അടുത്ത് ഒരു പ്രമേയംകൂടി സഭയിൽ വരും. അങ്ങ് ഒന്നു ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാജു : വിദേശ മലയാളികൾക്ക് ഹൗസിംഗ് ലോൺ എടുക്കുന്നതിന് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കണ്ടെ? ഇന്ന് ഹൗസിംഗ് ബോർഡുമായി ബന്ധപ്പെട്ട് ചില പദ്ധതികൾ നടപ്പാക്കുന്നുണ്ട്. അത് മാത്രം പോരാ. എൻ.ആർ.ഐ.സിനുവേണ്ടി ഒരു പ്രത്യേക ഹൗസിംഗ് സ്കീം നമ്മുടെ നാട്ടിൽ ഉണ്ടാക്കണം. മിഡിൽ ക്ലാസ്, ഏറ്റവും താണത്, അപ്പർ ക്ലാസ് അങ്ങനെ മൂന്നു തരത്തിലുള്ള ഭവന നിർമ്മാണ പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് എൻ.ആർ.ഐ.സിനു വേണ്ടി നടപ്പാക്കാൻ കഴിയുന്നതിനെക്കുറിച്ച് നമുക്ക് ആലോചിക്കണം. വിദേശ മലയാളികളുടെ ആവശ്യങ്ങളിലൊന്ന് നമ്മുടെ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കപ്പെട്ടിട്ടുള്ളതാണ്. എൻട്രൻസ് എക്സാമിനേഷന്റെ റിസൾട്ട്, അതിന്റെ നോട്ടിഫിക്കേഷൻ വിദേശരാജ്യങ്ങളിൽ പരസ്യം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. യഥാർത്ഥത്തിൽ വിദേശ മലയാളികളുടെ കുട്ടികൾക്ക് കൃത്യസമയത്ത് എൻട്രൻസ് പരീക്ഷകൾക്ക് അപേക്ഷ നൽകാൻ കഴിയുന്നില്ല. അതുകൊണ്ട് എൻട്രൻസ് പരീക്ഷയ്ക്ക് അപേക്ഷ നൽകുന്നതിനുള്ള നോട്ടിഫിക്കേഷൻ ഗൾഫ് രാജ്യങ്ങളിലും വിദേശ രാജ്യങ്ങളിലും പരസ്യം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യം വളരെ വർഷക്കാലമായി അവർ ഉന്നയിക്കുന്നതാണ്. വിദേശത്തുവച്ച് മരണപ്പെടുന്ന നമ്മുടെ സഹോദരന്മാരും സഹോദരിമാരും അവരെ ഇന്ത്യയിലേക്ക് കൊണ്ടുവരുന്നതിന് ഭാരിച്ച ചെലവാണിന്ന്. അത് പ്രവാസി വകുപ്പുമായി ബന്ധപ്പെട്ട് കേരളാ ഗവൺമെന്റ് മാത്രമല്ല കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഈ കാര്യത്തിൽ വിദേശ രാജ്യത്ത് മരണപ്പെടുന്ന നമ്മുടെ സഹോദരിമാരെയും, സഹോദരന്മാരെയും സൗജന്യമായി കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കപ്പെടണം എന്നതാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഈവക കാര്യങ്ങൾക്ക് ഇന്ന് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്, ആ നടപടികൾക്ക് വേഗത കൂട്ടുന്നതോടൊപ്പംതന്നെ സംസ്ഥാന ഗവൺമെന്റ് അതിന്റെ പരിധിയിൽ നിന്നുകൊണ്ട് നടപ്പിലാക്കുന്ന പ്രവാസി വകുപ്പിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ട് വിദേശ മലയാളികൾക്ക് കൂടുതൽ സൗകര്യം ചെയ്തുകൊടുത്തുകൊണ്ട് അവരെ കേരളത്തിലേക്ക് ആകർഷിക്കപ്പെടാനും ഗൾഫ് ജയിലുകളിൽ കഴിയുന്നവർ 2,600 പേർ ഉണ്ടെന്നാണ് കണക്ക്. അവരെ മോചിപ്പിക്കുന്നതിനും, കേരളത്തിലേക്ക് കൊണ്ടുവരുന്നതിനുമുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുത്ത് ചെയ്യണം. കുറെയൊക്കെ സ്വീകരിക്കപ്പെടുന്നുണ്ട്. ഗൾഫ് മലയാളികൾ നമ്മുടെ സഹോദരൻമാരാണ്, നമ്മുടെ സഹോദരിമാരാണ്. അവരെ നമ്മളിൽ ഒരാളായി കണ്ടുകൊണ്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം.

ശ്രീ. പി.എസ്. സുപാൽ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. ഈ സഭയിലെ എല്ലാ അംഗങ്ങളെയും സംബന്ധിച്ചിടത്തോളം അങ്ങേയറ്റം പ്രാധാന്യത്തോടുകൂടി മാത്രമേ ഈ പ്രമേയത്തെ കാണുവാൻ കഴിയുകയുള്ളൂ. അതായത് കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ചില പ്രശ്നങ്ങളാണ് ശ്രീ. പി. രാജു അദ്ദേഹത്തിന്റെ പ്രമേയത്തിൽ ഇവിടെ അവതരിപ്പിച്ചത്. വിദേശ മലയാളികളെ സംബന്ധിച്ചിടത്തോളം നമ്മുടെ മലയാളികളുടെ കണക്കാക്കെ പരിശോധിക്കുമ്പോൾ ഏതാണ്ട് 4 കോടി മലയാളികൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ 4 കോടി മലയാളികളിൽ ഏതാണ്ട് ഒരു കോടിയോളം മലയാളികൾ, കേരളത്തിനുപുറത്ത് മറ്റ് സംസ്ഥാനങ്ങളിലും അതുപോലെതന്നെ ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്നവരാണ്. ലോകത്തിന്റെ എല്ലാ പ്രദേശങ്ങളിലും മലയാളികൾ ഉണ്ട്. മലയാളികൾ

ഇല്ലാത്ത, കേരളീയർ ഇല്ലാത്ത രാജ്യങ്ങൾ ഇല്ല എന്നു നമുക്ക് വേണമെങ്കിൽ പറയാൻ കഴിയും. വിദേശത്തുള്ള മലയാളികളുടെ കണക്ക് പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതലുള്ളത് ഗൾഫ് മലയാളികളാണ്. ഗൾഫിൽ ജോലിക്ക് പോയിട്ടുള്ളവരാണ്. ചുരുക്കത്തിൽ പറഞ്ഞാൽ നമ്മുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ കേരളത്തിന്റെ സാംസ്കാരിക പുരോഗതിക്കുതന്നെ ഏറ്റവും വലിയ സംഭാവന നൽകിയിട്ടുള്ളവരാണ് ഗൾഫ് മലയാളികൾ എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമുള്ള കാര്യമല്ല.

സർ, അവരുടെ പ്രശ്നങ്ങളെ നമുക്ക് അവണിക്കാൻ കഴിയുകയില്ല. അവരുടെ പ്രശ്നങ്ങളെ നമുക്ക് കാണാതിരിക്കാൻ കഴിയുകയില്ല. ഇന്ന് കൂടുതൽ സങ്കീർണ്ണമായി അവരുടെ പ്രശ്നങ്ങൾ വന്നുകൊണ്ടിരിക്കുമ്പോൾ അതിൽനിന്ന് അല്പംപോലും വ്യതിചലിക്കാൻ കഴിയുകയില്ലെന്നുള്ളതാണ് വാസ്തവം. സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ വളരെ താല്പര്യപൂർവ്വമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുവെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. പ്രവാസി സുരക്ഷാപദ്ധതി നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായി. ''നോർക്ക'' എന്ന ഒരു വിഭാഗം പുതിയതായി രൂപീകരിച്ചുകൊണ്ട് അതിന്റെ ആഭിമുഖ്യത്തിൽ വിദേശ മലയാളികളുടെ ക്ഷേമത്തിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വളരെ മാതൃകാപരമാണ്, അഭിനന്ദനാർഹമായിട്ടുള്ള കാര്യമാണ്. ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരുടെ പ്രശ്നങ്ങൾ നോർക്കയുടെ മുമ്പിൽ വന്നാൽ സമയബന്ധിതമായി ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വളരെ ആത്മാർത്ഥമായിട്ടുള്ള ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. മരണപ്പെടുന്ന നമ്മുടെ സഹോദരിസഹോദരന്മാരുടെ മൃതശരീരം നമ്മുടെ നാട്ടിൽ എത്തിക്കാനുള്ള ശ്രമങ്ങളെ സംബന്ധിച്ച് പറയുകയുണ്ടായി. നോർക്ക വളരെ കൃത്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ അതിനകത്ത് ചൂണ്ടിക്കാണിക്കാനുള്ള പ്രശ്നം, നല്ല സ്പോൺസർമാരുമുണ്ട്, മോശപ്പെട്ട സ്പോൺസർമാരുമുണ്ട്. ചില സ്പോൺസർമാരെ സംബന്ധിച്ചിടത്തോളം അവർ പൈസ ചെലവാക്കി ഈ മൃതശരീരം നാട്ടിൽ എത്തിക്കാൻ ശ്രമിക്കാത്ത പശ്ചാത്തലത്തിൽ ആ മൃതശരീരവും കാത്ത് നമ്മുടെ നാട്ടിലെ അവരുടെ ബന്ധുക്കൾ ദിവസങ്ങൾ തള്ളിനീക്കുന്ന ദയനീയമായ സാഹചര്യമുണ്ട്. അതുകൊണ്ട് അങ്ങനെയുള്ള സ്പോൺസർമാരുടെ കൈയിൽനിന്ന് കാശുമുടക്കി എത്തിക്കാൻ കഴിയാത്ത ബോഡികളെ സംബന്ധിച്ചിടത്തോളം അതിനുവേണ്ടി ഒരു പ്രത്യേക ഫണ്ട് നമ്മുടെ സംസ്ഥാന ഗവൺമെന്റ് രൂപീകരിക്കണമെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്.

സർ, അതുപോലെതന്നെ ഗൾഫ് മലയാളികളുടെ പുനരധിവാസത്തിന്റെ കാര്യമാണ് ഏറ്റവും പ്രധാനമായിട്ട് എനിക്ക് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ഇന്ന് ഗൾഫ് നാടുകളിൽ ജോലി വളരെ കുറഞ്ഞുവരികയാണ്. ശമ്പളക്കുറവുകൊണ്ട് അവിടെ ജോലിക്കുപോയ ആളുകൾ തിരിച്ചുവന്നുകൊണ്ടിരിക്കുന്നു. ഇവിടെ നേരത്തെ പറഞ്ഞതുപോലെ അന്യരാജ്യങ്ങളിൽപ്പെട്ട ആളുകൾ കുറഞ്ഞനിരക്കിൽ ജോലി ചെയ്യാൻ തയ്യാറായി വരുന്നത് നമ്മുടെ മലയാളികളുടെ ജോലിയെയാണ് ബാധിക്കുന്നത്.

സർ, ഗൾഫിലെ പൗരൻമാരെ സംബന്ധിച്ചിടത്തോളം അവിടത്തെ ഗവൺമെന്റ് അവിടത്തെ പൗരന്മാർക്ക് ജോലി കൊടുക്കുന്നതിനുവേണ്ടി ആലോചിച്ചുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ നമ്മുടെ മലയാളികളെ സംബന്ധിച്ചിടത്തോളം ഉള്ള തൊഴിലവസരങ്ങൾ ഗൾഫ് നാടുകളിൽ നഷ്ടപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രത്യേക സാഹചര്യം വന്നിരിക്കുന്നു. ഇതൊരു വലിയ സാമൂഹ്യപ്രശ്നമായി മാറാൻ പോവുകയാണ്. ഇപ്പോൾത്തന്നെ ഏതാണ്ട് 38 ലക്ഷം തൊഴിൽരഹിതരായിട്ടുള്ള ആളുകൾ നമ്മുടെ സംസ്ഥാനത്തുള്ളപ്പോൾ ഈ ഗൾഫ് നാടുകളിൽനിന്ന് ജോലിയില്ലാതെ മടങ്ങിവരുന്ന നമ്മുടെ സഹോദരീസഹോദരന്മാരുടെ കണക്കുകൾകൂടി ആകുമ്പോൾ അത് ഭയാനകമായ ഒരു സാഹചര്യമായിരിക്കും നമ്മുടെ സംസ്ഥാനത്ത് സൃഷ്ടിക്കാൻ പോകുന്നത്. അതുകൊണ്ട് പ്രവാസികളുടെ പ്രശ്നം, ഗൾഫ് മലയാളികളുടെ കുടുംബാംഗങ്ങളുടെ പ്രശ്നം, അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം, മടങ്ങിവരുന്നവരുടെ പുനരധിവാസം എന്നീ കാര്യങ്ങളിലൊക്കെ പ്രധാനപ്പെട്ട തീരുമാനം കൈക്കൊള്ളേണ്ടിയിരിക്കുന്നു.

<u>ശ്രീ. പി. രാഘവൻ</u> : പ്രവാസികളുടെ കാര്യമാണല്ലോ പറയുന്നത്. 1992 ഡിസംബർ ആറിന് ബാബറി മസ്ജിദ് തകർക്കപ്പെട്ടതിനെത്തുടർന്ന് വിദേശരാജ്യങ്ങളിലേക്ക് പോകുന്ന മലയാളികളുടെ വരുമാനത്തിലും അവരുടെ സംരക്ഷണത്തിലുമൊക്കെ വലിയ അപകടം വന്നിട്ടുണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഈ പ്രമേയവുമായി ബന്ധപ്പെട്ട പ്രശ്നമല്ലേ?

<u>ശ്രീ. പി.എസ്. സുപാൽ</u> : അതു നമുക്കെല്ലാവർക്കും ബോധ്യമുള്ള കാര്യമാണ് പ്രമേയാവതാരകൻ ഇക്കാര്യത്തിൽ ചൂണ്ടിക്കാണിച്ചതാണ്.

നമ്മുടെ സഹപ്രവർത്തനകനായ പി.ടി. കുഞ്ഞിമുഹമ്മദ് നിർമ്മിച്ച സിനിമ നമ്മെളെല്ലാം കണ്ടതാണ്. അങ്ങും കണ്ടുകാണുമെന്ന് ഞാൻ കരുതുന്നു. പ്രവാസി മലയാളികളുടെ കാര്യമാണ് അതിലെ പ്രമേയം. അതിൽ നാസറുദീൻ എന്ന കഥാപാത്രം ഗൾഫിൽനിന്ന് ഇവിടെ വരികയും ഇവിടെ പിടിച്ചുനിൽക്കാൻ കഴിയാതെ വിഷമിക്കുകയും ഒരു കച്ചവടം നടത്തുന്നതിനായി ശ്രമിക്കുകയും ആ കച്ചവടം നടത്താൻ കഴിയാതെ നാനാവിധനമായ പ്രശ്നങ്ങളിൽപ്പെട്ട്, നൂലാമാലകളിൽപ്പെട്ട് അദ്ദേഹത്തിന് അല്പംപോലും മുന്നോട്ടുപോകാൻ കഴിയാതെ വിഷമിക്കുകയും ചെയ്യുന്ന ഒരു ചിത്രമാണ് ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് അദ്ദേഹത്തിന്റെ ചിത്രത്തിൽ വരച്ചുകാട്ടിയത്. അത് നമ്മെയെല്ലാം സ്പർശിച്ചിട്ടുണ്ട്, അങ്ങയെയും സ്പർശിച്ചിട്ടുണ്ടെന്ന് ഞാൻ കരുതുന്നു.

സർ, അതുപോലെതന്നെ മോഹൻലാൽ അഭിനയിച്ച സത്യൻ അന്തിക്കാടിന്റെ "വരവേൽപ്പ്" എന്ന സിനിമയിലെ പ്രമേയവും ഇതുതന്നെയാണ്. അതിൽ മോഹൻലാൽ ഗൾഫിൽനിന്ന് വന്ന് ഒരു ബസ് സർവ്വീസ് ആരംഭിച്ച് അതിന്റെ നൂലാമാലകളിൽപ്പെട്ട് ആകെ വിഷമിക്കുകയാണ്. അങ്ങനെ ധാരാളം സിനിമകളുണ്ട്. സർ, അതൊക്കെ സിനിമയല്ല, പച്ചയായ യാഥാർത്ഥ്യങ്ങളാണ്. അതുകൊണ്ട് പ്രവാസികളുടെ പ്രശ്നങ്ങൾ വളരെ ഗൗരവമായി പരിഹരിക്കണം. അവരുടെ പുനരധിവാസത്തിന്റെ കാര്യം നമ്മൾ തീരുമാനിക്കണം.

സർ, നമ്മുടെ ബാങ്കുകളിലെ വിദേശീയരായിട്ടുള്ള ആളുകളുടെ എൻ. ആർ.ഐ. അക്കൗണ്ടുകൾ പരിശോധിച്ചാൽ ആ എമൗണ്ടിൽ കൂടുതലും ഗൾഫ് മലയാളികളുടെ സംഭാവനയാണ് എന്നു കാണാം. അതുകൊണ്ട് ഈ ബാങ്കുകളിലെ എൻ.ആർ.ഐ. അക്കൗണ്ടുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അവരെ പുനരധിവസിപ്പിക്കാനുള്ള പ്രത്യേക സ്കീമുകൾക്ക് രൂപം കൊടുക്കണം. അതിന് മുൻകൈയെടുക്കണമെന്നാണ് ഈ പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, വിദേശത്ത് ജോലി തേടിപ്പോകുന്ന ആളുകൾ കബളിക്കപ്പെടുന്ന കാര്യത്തെ സംബന്ധിച്ച് പറയാതെ പോകുന്നത് ശരിയല്ല. ഭാര്യയുടെ കെട്ടു താലിയുൾപ്പെടെ പണയപ്പെടുത്തിക്കൊണ്ട്, ഉള്ള വസ്തു പണയപ്പെടുത്തിക്കൊണ്ട്, പലിശയുൾപ്പെടെ പണം വാങ്ങിക്കൊണ്ട് വിദേശരാജ്യങ്ങളിൽ, ഗൾഫ് നാടുകളിൽ ജോലിക്ക് പോയ നമ്മുടെ സഹോദരീസഹോദരന്മാരെ സംബന്ധിച്ചിടത്തോളം ജോലിയില്ലാതെ, എഗ്രിമെന്റിൽ പറയുന്നപ്രകാരമുള്ള ശമ്പളം ലഭിക്കാതെ വളരെ നിരാശരായി ആത്മഹത്യചെയ്ത നിരവധി ആളുകളുണ്ട്. വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന ആളുകളുണ്ട്. അങ്ങനെയുള്ളവരുടെ കാര്യത്തിൽ വിദേശകാര്യ വകുപ്പുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഒരു പ്രത്യേക സംവിധാനം ഈ കാര്യത്തിൽ ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. സർ, എയർപോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു.

<u>ശ്രീ. ഇ.എം. അഗസ്തി</u> : സർ, ബഹുമാനപ്പെട്ട മെമ്പർ എത്ര സമയമായി പ്രസംഗിക്കുന്നു. ഇനിയും പ്രമേയങ്ങൾ എടുക്കണ്ടേ? ..... ബഹളം .....

<u>മി. ചെയർമാൻ</u> : ഇതിൽ ഒരു വിവാദത്തിന്റെ പ്രശ്നമില്ല. മറ്റു പ്രമേയങ്ങൾ കൂടി വരണം. പക്ഷെ ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമായതുകൊണ്ട്, പ്രവാസികളുടെ പ്രശ്നമായതുകൊണ്ട് എല്ലാവർക്കും താല്പര്യമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ, അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കും. ..... ബഹളം .....

<u>ശ്രീ. പി.എസ്. സുപാൽ</u> : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ എയർപോർട്ടുമായി ബന്ധപ്പെട്ട്, നോർക്കയുമായി ബന്ധപ്പെട്ട് ഒരു ലെയ്സൺ സംവിധാനം ആവശ്യമുണ്ട്. വിദേശ മലയാളികൾക്കുവേണ്ടി ഒരു ഹൗസിംഗ് സ്കീം നടപ്പിലാക്കണം. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അവർക്ക് വോട്ടവകാശമുൾപ്പെടെയുള്ള കാര്യങ്ങൾ അംഗീകരിച്ചുകൊണ്ട് തീരുമാനമുണ്ടാകണം. ഈ കാര്യങ്ങൾ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്.

..... ബഹളം .....

<u>മി. ചെയർമാൻ</u> : ശ്രീമതി ശോഭനാജോർജ്ജ് .....

..... ബഹളം .....

<u>ശ്രീ. ഇ.എം. അഗസ്തി</u> : ഇത് എന്താണ്? പ്രസംഗം അവസാനിപ്പിക്കുന്നില്ലെങ്കിൽ അങ്ങ് മൈക്ക് ഓഫ് ചെയ്യണം. ഇരിക്കുന്ന കസേരയോട് മാന്യത കാണിക്കണം. ..... ബഹളം .....

<u>മി. ചെയർമാൻ</u> : മൈക്ക് ഓഫ് ചെയ്യേണ്ടത് എപ്പോഴാണെന്ന് എനിക്കറിയാം. മൈക്ക് ഓഫ് ചെയ്യേണ്ടത് എപ്പോഴാണെന്ന് നിങ്ങൾ പഠിപ്പിക്കണ്ട. എല്ലാ പ്രമേയവും ഇന്ന് വരികയില്ലല്ലോ? മര്യാദയൊന്നും നിങ്ങൾ ചെയറിനെ പഠിപ്പിക്കണ്ട. കൃത്യസമയത്ത് ആരാണ് ഇവിടെ പ്രസംഗം അവസാനിപ്പിക്കുന്നത്? നിങ്ങൾ നിറുത്തുന്നുണ്ടോ? നാല് മിനിറ്റ് അദ്ദേഹത്തിന് കൊടുത്തു..... ബഹളം..... അഗസ്തി, നിങ്ങൾ സംസാരിക്കുന്നതിൽ ഒരു മര്യാദ വേണം. നിങ്ങൾ ഒരു സീനിയർ മെമ്പറാണ്.

<u>ശ്രീമതി ശോഭനാ ജോർജ്ജ്</u> : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുകയാണ്. ..... സർ ..... സർ,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ : സർ, ബഹുമാനപ്പെട്ട സ്പീക്കറാണ് സഭയുടെ അദ്ധ്യക്ഷൻ. ആ സ്പീക്കറെ അധിക്ഷേപിക്കുന്ന രീതിയിൽ പ്രതിപക്ഷത്തു നിന്നും ചില മെമ്പറന്മാർ സംസാരിക്കുകയുണ്ടായി. അതു ഓർഡറിലാണോ? അതു പിൻവലിക്കാൻ ആവശ്യപ്പെടണം.

ശ്രീ. ബി. വിജയകുമാർ : സർ, പോയിന്റ് ഓഫ് ഓർഡർ.. ബഹുമാനപ്പെട്ട മെമ്പറന്മാർ സഭയിൽ എന്തെങ്കിലും അഭിപ്രായം പറഞ്ഞാൽ ചെയറിന് ശാസിക്കാനുള്ള എല്ലാ അധികാരങ്ങളുമുണ്ട്. ചെയറിൽ നിന്നും അനാവശ്യം പറയരുത് എന്ന വാക്കുകൾ ദയവായി വരാൻ പാടില്ല.

മി.ചെയർമാൻ:ശ്രീമാൻഅഗസ്തിയെപ്പോലെയുള്ള .....(ബഹളം)

ശ്രീ. ടി.കെ. ഹംസ : ചട്ടപ്രകാരം അല്ലാത്ത ഒരു കാര്യവും ചെയർ പറയുന്നില്ല. ആവശ്യമില്ലാത്ത കാര്യം പറയരുത് എന്നു പറയുന്നത് നിയമവിരുദ്ധമായ പ്രസ്താവനയല്ല. അനാവശ്യമായി ചെയറിനെ ചോദ്യം ചെയ്യുന്ന ഇത്തരം പോയിന്റ് ഓഫ് ഓർഡർ പാടുണ്ടോ?

മി. ചെയർമാൻ : ശ്രീ. അഗസ്തിയും അതുപോലെയുള്ള പ്രതിപക്ഷത്തെ ചില മെമ്പറന്മാരും മൈക്കിൽ അല്ലെങ്കിലും ചെയറിനെതിരെ മോശമാകുന്ന നിലയിൽ സംസാരിച്ചതു ശരിയല്ല..... (ബഹളം) ..... ശ്രീമതി ശോഭനാ ജോർജ്ജ് .....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ചെയറിനെ അപമാനിക്കുന്ന രീതിയിലുള്ള വാക്കുകൾ പറഞ്ഞു എന്ന് ചെയർ പറഞ്ഞു. അത് പിൻവലിക്കണം.

ശ്രീ. കെ. സുധാകരൻ : സർ, രേഖ പരിശോധിക്കണം. അങ്ങനെയുള്ള ഏതു വാക്കുകളാണ് പറഞ്ഞത് എന്നറിയണം.

ശ്രീമതി ശോഭനാ ജോർജ്ജ് : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. ഈ പ്രമേയം അഞ്ചു വർഷം മുമ്പ് നിയമസഭയിൽ .... (ബഹളം) .....

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, പോയിന്റ് ഓഫ് ഓർഡർ, അങ്ങ് ചെയറിലിരിക്കുമ്പോൾ ഇവർ വലിയ അസഹിഷ്ണുത കാണിക്കുന്നുണ്ട്. ഇത് ഓർഡറിലാണോ? അങ്ങ് ചെയറിലിരിക്കുമ്പോൾ എപ്പോഴും ഇങ്ങനെയാണ്. അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീമതി ശോഭനാ ജോർജ്ജ് : സർ, അഞ്ചു വർഷത്തിനുമുമ്പ് ഞാൻ കേരള നിയമസഭയിൽ ഈ പ്രമേയം കൊണ്ടുവരികയുണ്ടായി. അന്ന് അത് അവതരിപ്പിക്കാൻ സാധിക്കാതെ വന്നു. അഞ്ചു വർഷത്തിനുശേഷം വിദേശ മലയാളികൾക്ക് വോട്ടവകാശം നൽകണമെന്ന ശ്രീ. പി. രാജുവിന്റെ പ്രമേയത്തെ അങ്ങേയറ്റത്തെ സന്തോഷത്തോടുകൂടി ഞാൻ പിന്താങ്ങുകയാണ്. ഇതു വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. അതേയവസരത്തിൽ അനൗദ്യോഗിക പ്രമേയങ്ങളുടെ കമ്മറ്റിയിലെ ഒരംഗം കൂടിയാണ് ഞാൻ. ഈ കമ്മിറ്റി എന്തിനാണ് എന്നു ചോദിച്ചാൽ ഇവിടെ വരുന്ന പ്രമേയങ്ങൾക്ക് സമയം തീരുമാനിച്ചുകൊടുക്കാനുള്ള ഉത്തരവാദിത്വം കൂടിയുള്ള കമ്മിറ്റി എന്നാണ് ഞാൻ ധരിക്കുന്നത്. അങ്ങനെ ഈ പ്രമേയത്തിനു കല്പിച്ചിരിക്കുന്നത് അമ്പതു മിനിറ്റാണ്. അങ്ങനെയാണ് മൂന്നു പ്രമേയങ്ങൾക്കുംകൂടി സമയം കൊടുത്തത്. ഒന്നുകിൽ ഈ കമ്മിറ്റിക്ക് അതിനുള്ള അവകാശമില്ലെങ്കിൽ അങ്ങനെയാകാം. ഞാൻ അത് ഇവിടെ സൂചിപ്പിച്ചത് ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രമേയം എന്നുള്ളനിലയിൽ എല്ലാ പ്രമേയങ്ങളും അവതരിപ്പിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കാനുമുള്ള അവസരമുണ്ടാകണമെന്ന എന്റെ ഒരു ആവശ്യം പറഞ്ഞു എന്നു മാത്രമേയുള്ളൂ.

മി. ചെയർമാൻ : ഇവിടെ സഭയുടെ കീഴ്വഴക്കം അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി ഉള്ള സമയം എല്ലാ പ്രമേയങ്ങൾക്കും ബില്ലുകൾക്കും വീതിക്കും. പക്ഷെ ചിലതു എടുക്കാൻ നമുക്ക് കഴിയാറില്ല. സഭയിൽ എത്രയോ കൊല്ലമായി നടന്നുവരുന്ന ഒരു കീഴ്വഴക്കമാണത്. അതിന് മെമ്പറന്മാർ അസഹിഷ്ണുത പ്രകടിപ്പിച്ചതുകൊണ്ട് കാര്യമില്ല. എല്ലാ പ്രമേയങ്ങളും സഭയിൽ വരാറില്ല. പരമാവധി സഭയിൽ കൊണ്ടുവരാൻ ശ്രമിക്കും.

ശ്രീമതി ശോഭനാജോർജ്ജ് : ഈ പ്രമേയത്തെ പിൻതുണച്ചുകൊണ്ട് എന്റെ പ്രസംഗം ഞാൻ നിറുത്തുന്നു

ശ്രീ. പി. വിശ്വൻ : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാണ് ..... (ബഹളം) .....

അംഗങ്ങൾ തമ്മിലുള്ള വാക്കുതർക്കത്തിനുള്ള കാര്യമില്ല. ബഹുമാനപ്പെട്ട അംഗം ശ്രീമതി ശോഭനാ ജോർജിന് ഇക്കാര്യത്തിൽ അത്രയേ സംസാരിക്കാനുള്ളൂ. അതുകൊണ്ട് അംഗം പ്രസംഗം നിറുത്തി.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, ഈ സഭയിലെ വളരെ പഴക്കം ചെന്ന ഒരംഗം ശ്രീ. ആര്യാടൻ മുഹമ്മദ് സഭയിലെ അംഗങ്ങളെ പ്രസംഗിക്കരുതെന്ന് ഭീഷണിപ്പെടുത്തുന്നത് ഓർഡറിലാണോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : അല്പം കൂടി ചെയർ ശ്രദ്ധിക്കണമെന്ന് ഒരു അപേക്ഷ മാത്രം ചെയറിന്റെ മുമ്പിൽ വയ്ക്കുകയാണ്. ബാക്കി ഒന്നും പറയാൻ പറ്റില്ല. ചെയറല്ലേ?

മി. സ്പീക്കർ : രണ്ടു ഭാഗത്തും മെമ്പറന്മാർ തമ്മിൽ വഴക്കുണ്ടാക്കി വാക്കു തർക്കത്തിലെത്തി. ചെയർ എന്തു ചെയ്യണമെന്നാണ് പറയുന്നത്. സീനിയർ മെമ്പറന്മാരാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. എന്തു ചെയ്യും? രണ്ടു ഭാഗത്തുമുള്ളവർ തർക്കമുണ്ടാക്കിയാൽ എന്തു ചെയ്യും? സഭയിൽ പ്രമേയം കൂടുതൽ വരണമെങ്കിൽ സമയനിഷ്ഠ പാലിക്കണ്ടേ?

ശ്രീ. എ. കണാരൻ : സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് വല്ലാതെ ദേഷ്യം പിടിച്ചിട്ട് പലരോടും തട്ടിക്കയറുന്നുണ്ട്. എന്താണ് സംഭവിക്കുന്നത് എന്നറിയാൻ സാദ്ധ്യമല്ല. അതുകൊണ്ട് അതിനൊരു പോംവഴിയുണ്ടാക്കണം. ഞങ്ങൾക്കു ഭയപ്പാടുണ്ട്. സംരക്ഷണം വേണം.

മി. സ്പീക്കർ : അതു ചെയർ കൈകാര്യം ചെയ്തുകൊള്ളാം.

ശ്രീ. പി. വിശ്വൻ : സർ, വിദേശ മലയാളികൾ ഇന്ന് വിദേശത്തുനിന്നും നോക്കി കാണുന്നത് സാമൂഹ്യ പ്രതിബദ്ധതയുള്ള കേരളത്തിലെ പ്രതിപക്ഷാംഗങ്ങളെയാണ്. വിദേശ മലയാളികളോടുള്ള താല്പര്യമാണ് ഇന്ന് അവർ ഇവിടെ പ്രകടമാക്കിയിട്ടുള്ളത്. ഈ ചർച്ച തടസ്സപ്പെടുത്തിയിരിക്കുന്നവരുടെ മുമ്പിൽ കേരളത്തിന്റെ സാമൂഹ്യബാദ്ധ്യതയായി, ചോദ്യചിഹ്നമായി വിദേശ മലാളികൾ നിൽക്കുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. 19-ാം നൂറ്റാണ്ടിന്റെ പകുതി മുതൽ കേരള ജനത മറ്റു രാജ്യങ്ങളിൽ പോയി ജോലി ചെയ്യുന്നുണ്ട്. സിലോണിലും, സിംഗപ്പൂരിലും, മലേഷ്യയിലും, ഗൾഫ് മേഖലയിലും പോയി പണിയെടുത്ത് അവരുടെ കുടുംബം പോറ്റുക മാത്രമല്ല ഈ നാടിന്റെ സമ്പത്ത് വർദ്ധിപ്പിക്കുന്നതിൽ വലിയൊരു പങ്ക് അവരുടെ ഭാഗത്തുനിന്നുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട്. എന്നാൽ ഇപ്പോൾ അതിനു മാറ്റം വരികയാണ്. ഇന്ന് ഗൾഫ് ഒരു കറവ പശുവല്ല. ഇവിടെ ശ്രീ. രാജു തന്നെ വിശദമായി പറഞ്ഞു. ഓരോ വർഷവും ലക്ഷക്കണക്കിനുള്ള മലയാളികൾ ഗൾഫിൽനിന്നും തിരിച്ചു വരുന്നുണ്ട്. 1996-ൽ 1.07 ലക്ഷം പേർ തിരിച്ചു വന്നു.

ശ്രീ. കെ. പ്രകാശ് ബാബു : സർ, വിദേശ മലയാളികളുടെ ക്ഷേമവും അവരുടെ പ്രശ്നവും ഈ സഭയിൽ ചർച്ച ചെയ്യുന്നതിനേക്കാൾ പ്രതിപക്ഷത്തിനു താല്പര്യം രാഷ്ട്രീയമായ കാര്യങ്ങളിലാണെന്നകാര്യം അങ്ങേയ്ക്കറിയുമോ?

ശ്രീ. പി. വിശ്വൻ : അവർക്ക് വളരെ ഗൗരവമായി ഈ വിഷയത്തിലേക്ക് കടക്കാൻ സാധിക്കുന്നില്ല. കാരണം അവരെ നയിക്കുന്നത് മറ്റു ചില താല്പര്യങ്ങളാണ്. ഇത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. ലക്ഷക്കണക്കിന് വരുന്ന മലയാളികളാണ് മണലാരണ്യങ്ങളിൽ പോയി ജോലി ചെയ്യുന്നത്. വീടും നാടും വിട്ട് ഐശ്വര്യപൂർണ്ണമായ കേരളത്തെ വാർത്തെടുക്കണമെന്ന വിചാരമാണ് അവരുടെ മനസ്സിൽ. അവരുടെ എൻ.ആർ.ഐ. ഡെപ്പോസിറ്റ് നോക്കണം. 1994-ൽ ആറായിരത്തി പതിനെട്ടു കോടി രൂപയായിരുന്നു.

ശ്രീ. എ. കണാരൻ : ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് അങ്ങ് ഇവിടെ അവതരിപ്പിക്കുന്നത്. അന്യരാജ്യത്തു പോയി അദ്ധ്വാനിച്ച് സമ്പാദിച്ച് കുറെശ്ശെ കുറെശ്ശെ ചെലവുചെയ്ത് ബാക്കി തുക മുഴുവനും ഇവിടേക്ക് അയച്ചുകൊണ്ടിരിക്കുകയാണ്. ആ പ്രധാനപ്പെട്ട വിഷയമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ആ പ്രശ്നം അവതരിപ്പിച്ചപ്പോൾ പ്രതിപക്ഷത്തിന് അസഹിഷ്ണുതയാണ്. അവർക്ക് ഈ ഗൾഫ് മലയാളികളോട് എന്തോ പകപോലെയാണ് അവർ പെരുമാറിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ വിഷയങ്ങൾ സമഗ്രമായി അവതരിപ്പിച്ച് ഇതു പാസ്സാക്കണം.

ശ്രീ. പി. വിശ്വൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. എന്റെ കണക്ക് നോക്കണം. 1994-ൽ 6015 കോടി രൂപ, 1995-ൽ 6886 കോടി രൂപ, 1996-ൽ 8103 കോടി രൂപ, 1997-ൽ 10,172 കോടി രൂപ, 1998-ൽ 12,735 കോടി രൂപ. ലേറ്റസ്റ്റായിട്ടുള്ള കണക്ക് അനുസരിച്ച് 13,584 കോടി രൂപയുടെ എൻ.ആർ.ഐ. ഡെപ്പോസിറ്റ് കേരളത്തിലുണ്ടെന്നാണ് ബാങ്കുകൾ പറയുന്നത്. ആ രൂപത്തിൽ പണമുണ്ടാക്കിയിട്ടുള്ള നമ്മുടെ വിദേശ മലയാളികളുടെ ഭാവിയെക്കുറിച്ചും, അവർ ഉൾക്കൊള്ളുന്ന കേരളത്തിന്റെ ഭാവിയെക്കുറിച്ചും, ഗൗരവമായ ഒരു ചർച്ച നടത്താൻ, ഒരു പ്രമേയം അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട രാജു മുൻകയ്യെടുത്തതിന് ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്.

ശ്രീ. പി. രാഘവൻ : സർ, പതിനായിരക്കണക്കിന് രൂപ ഗൾഫ് നാടുകളിൽനിന്ന് വിദേശ മലയാളികൾ അദ്ധ്വാനിച്ച് കൊണ്ടുവരുന്നതിന്റെ കണക്കാണല്ലോ പറയുന്നത്. നമ്മുടെ കേരളത്തിന്റെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാണല്ലോ. ഇടയ്ക്കിടയ്ക്ക് വിദേശത്ത് പോകാനും കാശ് പിരിക്കാനുമൊക്കെ പ്രതിപക്ഷ മെംബർമാരും നേതാക്കന്മാരും തയ്യാറാകുന്നുണ്ട്. എന്നാൽ അവരുടെ കാര്യത്തെക്കുറിച്ച് ഒരു മിനിട്ടുപോലും പ്രസംഗിക്കണ്ടെന്നുള്ള നിലപാട് ഇവിടെ എടുത്തത് ഏറ്റവും വലിയ അവഹേളനവും അവരെ അപമാനിക്കാനുമാണ്. ശ്രീ. കെ.സി. വേണുഗോപാലടക്കം അവർക്കുവേണ്ടിയാണ് വാദിക്കുന്നത്. ഇവിടെനിന്നും വാദിക്കുമ്പോൾ പ്രതിപക്ഷത്തുനിന്ന് അതിനെ എതിർക്കുന്നത് ഇവർക്ക് കാശിനോടാണ് സ്നേഹം, ഗൾഫ് മലയാളി സഹോ

LIBRARY ARCHIVES Kerala Legislative Assembly

ദരന്മാരോട് യാതൊരു സ്നേഹവുമില്ല. അതുകൊണ്ടാണ് ഒറ്റയടിക്ക് പ്രസംഗം നിറുത്തി ഓടിപ്പോയതെന്നുള്ള കാര്യം അങ്ങേയ്ക്കറിയുമോ?

ശ്രീ. പി. വിശ്വൻ : സർ, അവർക്ക് ഈ നാടിനോടും ഈ നാട്ടിലെ ജനങ്ങളോടും താല്പര്യമില്ല. നമ്മുടെ ഗൾഫ് മലയാളികളോട് താല്പര്യമില്ല. 13,584 കോടി രൂപ എൻ.ആർ.ഐ. ഡെപ്പോസിറ്റുള്ളവരാണ് അവർ. അവരുടെ ഡെപ്പോസിറ്റ് അവരെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതാണ്. അവർ കേരളത്തിൽ ഇൻവെസ്റ്റു ചെയ്യാൻ തയ്യാറാണ്. കാരണം കേരളം കുറെക്കൂടി സെക്കുലറായിട്ടുള്ള ഒരു സ്റ്റേറ്റാണ്. എത്ര കോടി രൂപ ഇവിടെ ഇൻവെസ്റ്റു ചെയ്താലും അവർക്ക് സെക്യൂരിറ്റിയുണ്ട്.

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, ലോകത്ത് വളരെ അപൂർവ്വമായിട്ടേ കേരളംപോലുള്ള ഒരു സംസ്ഥാനമുണ്ടാവുകയുള്ളൂവെന്നാണ് എനിക്ക് തോന്നുന്നത്. കാരണം, പോപ്പുലേഷന്റെ 1/3 പ്രവാസികളാണ്. വിദേശത്ത് മാത്രമല്ല, ബോംബെ, മദ്രാസ്, അഹമ്മദാബാദ്, കൽക്കട്ട, ഡെൽഹി തുടങ്ങിയ സ്ഥലങ്ങളിലൊക്കെ ഒരു കോടിയോളം മലയാളികൾ ഉണ്ടെന്നാണ് പറയുന്നത്. മലയാളികൾ പോയിട്ടുണ്ടാക്കിയ സമ്പദ്ഘടനയാണ് നമ്മളെ സംബന്ധിച്ചിടത്തോളം ഒരു സമാന്തര സമ്പദ്ഘടനയായിട്ട് നിൽക്കുന്നതെന്നുള്ള കാര്യം നമ്മൾ മറന്നുകൂടാ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൾഫിലൊക്കെ പോയപ്പോൾ പറഞ്ഞത് ഗൾഫ് മലയാളികൾ 80 ശതമാനമുള്ള ഒരു പ്രദേശമാണ് ഗൾഫ് എന്നാണ്. അത് സത്യമാണ്. അവരുടെ ജീവിതനിലവാരമൊക്കെ വളരെ മോശമാണ്. അത്തരത്തിലുള്ള ആളുകളിൽനിന്ന് കിട്ടുന്ന സമ്പാദ്യം നമ്മുടെ നാട്ടിൽ വേണ്ടതുപോലെ ഉപയോഗിക്കുന്നുണ്ടോ? ഇതിന്റെ ഇൻവെസ്റ്റുമെന്റ് പ്രോപ്പറായിട്ട് ഉപയോഗിക്കാൻ പറ്റുന്ന രീതിയിലുള്ള ഒരു ഇൻവെസ്റ്റുമെന്റ് സെൽ നമുക്ക് ആവശ്യമല്ലേ? അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പി. വിശ്വൻ : സർ, ശരിയാണ്. വളരെ ഗൗരവമായി ഈ വിഷയമെടുക്കുമ്പോൾ അവർ ഇൻവെസ്റ്റുചെയ്യാൻ തയ്യാറാണ്. അവർക്ക് സെക്യൂരിറ്റി വേണം. പതിമൂന്നായിരംകോടി രൂപ എൻ.ആർ.ഐ. ഡെപ്പോസിറ്റുള്ള മലയാളികൾ അത് ഇൻവെസ്റ്റു ചെയ്യുകയെന്നു പറഞ്ഞാൽ വ്യാവസായിക കാർഷിക മേഖലയിലെ ഭൗതിക വളർച്ചയെ ഉപയോഗപ്പെടുത്താനാണ്. അത് നമ്മുടെ രാജ്യത്തിന് ആവശ്യമാണ്. അവരുടെ ഇൻവെസ്റ്റുമെന്റിന് ഗ്യാരന്റി കൊടുക്കാൻ കഴിയണം. അവരെ സംബന്ധിച്ച് പറയുകയാണെങ്കിൽ പണമുണ്ട്, അവർ ഇൻവെസ്റ്റു ചെയ്യാൻ തയ്യാറാണ്. പക്ഷേ ഒരു നല്ല മാനേജുമെന്റുണ്ടോ? ഒരു നല്ല മാനേജുമെന്റുണ്ടാക്കാൻ കഴിയണം. അതിന് കേരള സർക്കാർ നിരവധി നടപടികളെടുത്തിട്ടുണ്ട്. ഞാൻ അതിനെ അഭിനന്ദിക്കുകയാണ്. അതിന് വേഗത കൂട്ടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഗൾഫ് മലയാളികൾ 1992-നുശേഷം വളരെ വേഗത്തിൽ തിരിച്ചുവരികയാണ്. അത് നമുക്ക് കാണാൻ കഴിയുന്നുണ്ട്. 1996-ൽ 1.07 ലക്ഷം പേർ കേരളത്തിലേക്ക് തിരിച്ചുവന്നു. 1997-ൽ അത് 1.27 ലക്ഷമായി. 1998-ൽ എഴുപത്തിയൊമ്പതിനായിരമാണ്.

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് എഴുപത് എൺപതുകളിൽ കിട്ടിയിരുന്ന ശമ്പളത്തിന്റെ അമ്പത് ശതമാനത്തിലേറെ കുറവുണ്ടായിയെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. പി. വിശ്വൻ : സർ, എണ്ണ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ പുത്തൻ ലോക സാമ്പത്തിക വ്യവസ്ഥ വന്നപ്പോൾ ക്രൈസിസുണ്ട്. 25.7%

LIBRARY ARCHIVES Kerala Legislative Assembly

കുറവ് അവരുടെ എണ്ണവിലയിൽ വന്നിരിക്കുകയാണ്. അതിന്റെ ഫലമായി അവർ അഡീഷണലായിട്ടുള്ള മറ്റ് നിരവധി കാര്യങ്ങൾ-വേജസ് വരെ കട്ടു ചെയ്തുകഴിഞ്ഞിരിക്കുകയാണ്. തൊഴിലാളികളുടെ എണ്ണം ചുരുക്കിക്കൊണ്ടിരിക്കുകയാണ്. ഇതാണ് പ്രധാനപ്പെട്ട കാര്യം. എണ്ണ മേഖലകളിലെ സംഘർഷമെന്നു പറയുന്നത് ചെറുതല്ല. ആ വിലയിടിവിന്റെ ഫലമായി തന്നെ ഗുരുതരമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുപോലെ അവിടെ തൊഴിൽ തേടുന്നവരുടെ മത്സരംകൂടിവരുകയാണ്. ഇവിടെ പറഞ്ഞല്ലോ പഞ്ചാബിലുള്ളവർ, പാകിസ്ഥാനിലുള്ളവർ, ബംഗ്ലാദേശിലുള്ളവർ, പാലസ്തീനിലുള്ളവർ, തായ്ലാന്റിലുള്ളവർ, ഫിലിപ്പൈൻസിലുള്ളവരൊക്കെ തൊഴിൽതേടി അങ്ങോട്ട് പോകുന്നവരുടെ ഒരു പ്രത്യേകതയും അവിടെ വരുമ്പോൾ തൊഴിൽതേടുന്നവരുടെ ഒരു മത്സരവും അവിടെ നടക്കുന്നുണ്ട്. അതുപോലെ നേരത്തേ ഇവിടെ പറഞ്ഞതുപോലെ ബാബറിമസ്ജിദ് പള്ളി പൊളിച്ചതിനുശേഷം പ്രത്യേകിച്ച് സൗദി അറേബ്യയിൽ നമുക്കെതിരായ വികാരം ആളിപ്പടർന്നിട്ടുണ്ട്. അത് ഒരു നിസ്സാര കാര്യമല്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, കഴിഞ്ഞ രണ്ടാഴ്ചമുമ്പ് സിംഗപ്പൂരിൽവച്ച് നടന്ന ഇന്റർനാഷണൽ ലേബർ കോൺഫറൻസിന്റെ മുഖ്യമായ ഒരു അജണ്ട ഗൾഫ് രാജ്യങ്ങളിലുൾപ്പെടെ, ഇൻഡ്യയിൽനിന്ന് പോകുന്ന തൊഴിലാളികൾ മാത്രമല്ല, മറ്റ് പല രാജ്യങ്ങിൽനിന്ന് വരുന്ന തൊഴിലാളികളുടെ 50 ശതമാനവും 60 ശതമാനവും വേജ് വെട്ടിക്കുറയ്ക്കുകയും വർക്കിംഗ് അവേഴ്സ് കൂട്ടുകയും ചെയ്യുന്ന പ്രശ്നമായിരുന്നു. ഇത്രയും ഗുരുതരമായ ഒരു പ്രതിസന്ധിയിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന തൊഴിലാളികളാണ് അവരെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. പി. വിശ്വൻ : സർ, വേജ് വെട്ടിക്കുറയ്ക്കുന്നത് വളരെ ഗുരുതരമായ ഒരു വിഷയമാണ്. ലോക ബഹുരാഷ്ട്ര കുത്തകതന്നെ അവരുടെ മൂലധനത്തെ ഉപയോഗപ്പെടുത്തിയിരുന്നത് പഴയതിൽനിന്നും വ്യത്യസ്തമായിട്ടാണ്. പണ്ട് അവർ ഉപയോഗപ്പെടുത്തിയിരുന്നത് തീവണ്ടി എഞ്ചിനോ മറ്റ് കാര്യങ്ങളോ ഉണ്ടാക്കാനാണെങ്കിൽ, മുഖ്യ ഉപകരണങ്ങളുണ്ടാക്കാനുള്ള വ്യവസായത്തിലേക്ക് മൂലധനത്തെ ഇറക്കുകയാണ്. അത് ഹൈ ആട്ടോമേഷനുള്ള വൻകിട വ്യവസായങ്ങളുമാണ്. ഇതൊക്കെ ഗൾഫ് മേഖലയിൽ തൊഴിലവസരം കുറയുകയാണ്. അതുകൊണ്ട് തൊഴിലെടുക്കുന്നവരുടെ എണ്ണം അവിടെ കുറയുന്നു. അതിന്റെഫലമായി കേരളത്തിലേക്ക് തിരിച്ചുവരുന്നവരുടെ എണ്ണം കൂടുകയാണ്. ആ ഗൾഫ് മലയാളികളെ നമുക്ക് സംരക്ഷിക്കാൻ കഴിയണം. പാവപ്പെട്ട ഒരു ഗൾഫ് മലയാളി അവൻ നാലോ അഞ്ചോ പത്തോ ലക്ഷം രൂപ സ്വരൂപിച്ചുവയ്ക്കുന്നു. അതിന് ഒരു സുരക്ഷിതത്വമുണ്ടാക്കാൻ നല്ല മാനേജുമെന്റുകളോടുകൂടി അതിനെ തിരിച്ചുവിടാൻ കഴിഞ്ഞാൽ അവന്റെ ജീവിതം മാത്രമല്ല, കേരളത്തിന്റെ ഭാവി തന്നെ സുരക്ഷിതമാക്കിയെടുക്കാൻ കഴിയും. ആ രൂപത്തിലുള്ള നടപടികൾ കേരള സർക്കാർ എടുക്കുന്നുണ്ട്. ഞങ്ങൾക്കറിയാം. കേരള സർക്കാരിന്റെ ഈ വകുപ്പ് എടുത്തിട്ടുള്ള നടപടികൾ പ്രശംസനീയമാണ്. ഞാൻ അത് ചൂണ്ടിക്കാണിക്കുകയാണ്. 'നോർക്ക'തന്നെ 97-ൽ അതിന്റെ വർക്ക് തുടങ്ങിയപ്പോൾ അമ്പതിനായിരത്തിലധികം പ്രവാസി കേരളീയർ അതിൽ അംഗങ്ങളായി ചേർന്നു. അഞ്ചര ലക്ഷം രൂപയുടെയും അമ്പതിനായിരം രൂപയുടെയും റിപ്പോർട്ടു ചെയ്ത എല്ലാ ക്ലെയിമുകളും കൊടുത്തു. ഇത് പറയാൻ കാരണം, കേരളത്തിൽനിന്നും വിദേശത്ത് പോയിട്ടുള്ള ഗൾഫ് മലയാളികൾ കേരളത്തിന്റെ കൂടി ഭൗതിക

LIBRARY ARCHIVES Kerala Legislative Assembly

വളർച്ച വിപുലപ്പെടുത്തിയിരിക്കുന്നു. ഇന്ന് ഗൾഫ് മേഖല പഴയതുപോലെ ശാശ്വതമായ ഒരു കറവ പശുവല്ല. അതിന്റെ വികാരവും ഇന്ന് വളർന്നുവന്നിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ തിരിച്ചുവരുന്ന മലയാളികളെ സംരക്ഷിക്കാനും, അവരുടെ ജീവിതം സുരക്ഷിതമാക്കുന്നതോടൊപ്പം അവരുണ്ടാക്കിയ എൻ.ആർ.ഐ. പണം ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ തൊഴിലവസരമുണ്ടാക്കാനുള്ള ശാസ്ത്രീയമായ സമീപനങ്ങൾ ഈ സർക്കാർ മുന്നോട്ടുവയ്ക്കുമ്പോൾ എനിക്ക് അഭ്യർത്ഥിക്കാനുള്ളത് അതിന് വേഗത കൂട്ടണമെന്നാണ്. ഇത്രയും കാര്യങ്ങൾ പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട രാജു അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : സർ, നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിലും അതുപോലെ തൊഴിൽമേഖലയിലും ഏറ്റവും വലിയ പങ്കുവഹിക്കുന്ന മേഖലയാണ് ഗൾഫ് മേഖല. ഈ നാട്ടിലെ മലയാളികൾ അവരുടെ നാടും വീടും കുടുംബവും വിട്ടുകൊണ്ട് കഠിനാദ്ധ്വാനം ചെയ്യുമ്പോഴും അവർ ഈ നാടിന്റെ വിദ്യാഭ്യാസ സാമൂഹ്യസാംസ്കാരിക വികസന മേഖലകളിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. പക്ഷേ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു ഗവൺമെന്റും ഇതുവരെ തയ്യാറായിട്ടില്ലെന്നുള്ളതാണ് സത്യം. ഇവിടെ ഒരു ദിവസം മുഴുവനും ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യേണ്ടതായിരുന്നു. ഈ മലയാളികളെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തിന്റെ സമ്പദ്ഘടനയിൽ വിദേശനാണ്യം നേടിത്തരുന്നതിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്ന ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് പരിമിതമായ സമയം മാത്രം നീക്കിവയ്ക്കുന്നത് ഒരിക്കലും ഉചിതമല്ലെന്നാണ് ഞാൻ പറയാനാഗ്രഹിക്കുന്നത്. ഗൾഫ് നാടുകളിലെ മലയാളികളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഇതുവരെ ഈ സഭയ്ക്കുള്ളിൽ മാത്രം ഒതുങ്ങിനിന്നതല്ലാതെ ഒരു പ്രശ്നത്തിനും പരിഹാരം കാണാൻ കേന്ദ്ര ഗവൺമെന്റായാലും സംസ്ഥാന ഗവൺമെന്റുകളായാലും മുന്നോട്ടുവന്നില്ല. അതോടൊപ്പം തന്നെ അവരുടെ പ്രശ്നങ്ങളും. നമ്മുടെ ഗൾഫ് മലയാളികളെ സംബന്ധിച്ചിടത്തോളം ഏറ്റവും ആവശ്യമായിട്ടുള്ളത് വോട്ടവകാശമാണ്. നമ്മുടെ രാജ്യം ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണ്. അതുകൊണ്ട് ഗൾഫ് മലയാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് വോട്ട് ചെയ്യാൻ അവകാശമുണ്ടാകണം. വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരിൽ ഏറ്റവും വലിയൊരു വിഭാഗം കേരളീയരാണ്. ഇൻഡ്യൻ ഭരണഘടനയിലും ജനപ്രാതിനിധ്യനിയമത്തിലും ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് വിദേശ മലയാളികൾക്ക് വോട്ടവകാശം ലഭ്യമാക്കാൻ ശക്തമായ സമ്മർദ്ദം കേന്ദ്രഗവൺമെന്റിൽ ചെലുത്തണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത്. തിരുവനന്തപുരത്തുനിന്ന് കോട്ടയത്ത് എത്തുന്ന സമയംകൊണ്ട് ഗൾഫ് നാടുകളിൽനിന്ന് നാട്ടിലേക്ക് എത്താൻ കഴിയുന്നുണ്ട്. അങ്ങനെ ഏറ്റവും ചുരുങ്ങിയ സമയംകൊണ്ട് നാട്ടിലെത്തി വോട്ട് രേഖപ്പെടുത്താൻ പോകുമ്പോഴേക്കും വോട്ടർ പട്ടികയിൽ പേരുണ്ടാകുന്നില്ല. അവർ വിദേശത്ത് ജോലി ചെയ്യുന്നവരാണെന്ന് പറഞ്ഞുകൊണ്ട് അവരെ പൂർണ്ണമായും വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഗൾഫ് നാടുകളിലുള്ള മുഴുവൻ ആളുകളുടേയും പേര് വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനാവശ്യമായ നടപടിയുണ്ടാകണം. അതുപോലെതന്നെ റേഷൻ കാർഡിന്റെ കാര്യവും. അവർ നാട്ടിൽ തിരിച്ചെത്തിയാൽ അവർക്ക് റേഷൻ ലഭിക്കുന്നില്ല. അതുകൊണ്ട് റേഷൻ കാർഡിലും പേര് ചേർക്കാനാവശ്യമായ നടപടി സ്വീകരിക്കണം.(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ) മറ്റൊരു

LIBRARY ARCHIVES Kerala Legislative Assembly

പ്രധാന കാര്യം ഗൾഫ് നാടുകളിൽ ആളുകൾ ജയിലിൽ കഴിയുമ്പോൾ അവരെ മോചിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നില്ല. അവിടെ തൊഴിൽ നിയമവുമായി ബന്ധപ്പെട്ട് ഒട്ടേറെ പേർ ജയിലിൽ കഴിയുന്നുണ്ട്. അതുപോലെ ഗൾഫിൽ വച്ചു മരണപ്പെട്ടാൽ അവരുടെ ഡെഡ്ബോഡി സ്വദേശത്തേക്ക് സൗജന്യമായി എത്തിക്കാനുള്ള സംവിധാനമുണ്ടാക്കണം. ഗൾഫുകാരെ സംബന്ധിച്ചിടത്തോളം അവർക്ക് വിദ്യാഭ്യാസ പ്രശ്നങ്ങളുണ്ട്. തൊട്ടടുത്തുള്ള കർണ്ണാടക സ്റ്റേറ്റിൽ മെഡിക്കൽ കോളേജുകളും പ്രൊഫഷണൽ കോളേജുകളും ആരംഭിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ ഗൾഫ് മലയാളികളുള്ളത് കേരളത്തിലാണ്. പക്ഷേ നമ്മുടെ സംസ്ഥാന ഗവൺമെന്റ് മെഡിക്കൽ കോളേജുകളോ, ഡെന്റൽ കോളേജുകളോ, മറ്റു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളോ, നഴ്സിംഗ് സ്കൂളുകളോ ആരംഭിക്കാൻ മുന്നോട്ടു വരുന്നില്ല. ഇന്ന് കേരളത്തിൽ നിന്ന് ഡോക്ടർമാരും നഴ്സുമാരും വിദേശങ്ങളിൽ പോയി ജോലി ചെയ്യുന്നുണ്ട്. തൊഴിൽ തേടി ഗൾഫ് നാടുകളിലെത്തുന്ന മലയാളികൾക്ക് അവരുടെ യാത്രാചെലവിനും വീസയുടെ ചെലവിനും ആവശ്യമായ സാമ്പത്തിക വായ്പ നൽകാനുള്ള എന്തെങ്കിലും സംവിധാനം നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റ് ഏർപ്പെടുത്തണമെന്നുകൂടി ഈ സന്ദർഭത്തിൽ പറയുവാനാഗ്രഹിക്കുന്നു. ഇന്ന് ഒട്ടേറെ വിദേശ മലയാളികൾ നാട്ടിൽ തിരിച്ചെത്തിക്കൊണ്ടിരിക്കുകയാണ്. അവരെ പുനരധിവസിപ്പിക്കാനും അവർക്ക് തൊഴിൽ കണ്ടെത്താനും പദ്ധതികളുണ്ടാകണം. അതിന് ഇൻഡ്യാ ഗവൺമെന്റിൽ ഏതാണ്ട് 850 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചതല്ലാതെ ഐക്യമുന്നണി ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിലുണ്ടായിരുന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് വളരെയേറെ അനുകൂല സാഹചര്യമുണ്ടായിട്ടും ആ പദ്ധതികളൊന്നും നേടിയെടുക്കുവാൻ കഴിഞ്ഞില്ല. അത് ഈ സർക്കാരിന്റെ ഏറ്റവും വലിയ ദൗർബല്യമായി കാണുകയാണ്. അതുകൊണ്ട് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ച പദ്ധതികൾ നേടിയെടുക്കാനും തിരിച്ചെത്തുന്ന ഗൾഫ് മലയാളികൾക്ക് അവശ്യമായ തൊഴിൽ പദ്ധതികൾ നടപ്പിലാക്കാനും സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയാനാഗ്രഹിക്കുന്നു. ഈ പ്രമേയം വളരെയേറെ പ്രധാനപ്പെട്ടതാണെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ബഹുമാനപ്പെട്ട സ്പീക്കർ മുൻകൈ എടുത്ത് ഒരു ദിവസം മുഴുവനും ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ ഒരവസരമുണ്ടാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ഇനി ചില അംഗങ്ങൾകൂടി സംസാരിക്കാനുണ്ട്. സമയം വളരെ പരിമിതമാണെന്നുള്ള കാര്യം ചെയർ ശ്രദ്ധയിൽപ്പെടുത്തുന്നു. പക്ഷേ സഭയിലുണ്ടായ ഒരു വികാരം രണ്ടാമത്തെ റെസല്യൂഷൻകൂടി വരണമെന്നുള്ള ധാരണയിലാണല്ലോ ഇത് വന്നത്. അത് അതിന്റെ ഗുഡ് സെൻസിലെടുത്തുകൊണ്ട് പരമാവധി നോക്കുക. പരമാവധി ടൈം അഡ്ജസ്റ്റ് ചെയ്യുക. കഴിഞ്ഞ ആഴ്ച വളരെ പ്രധാനപ്പെട്ട കാര്യം - വിമാനത്താവളത്തിന്റെ കാര്യം - ചർച്ചചെയ്തല്ലോ. ഫസ്റ്റ് പ്രമേയം തന്നെ പാസ്സാക്കാൻ വളരെ വിഷമിച്ചു. മുഖ്യമന്ത്രിയാണ് അവസാനം മറുപടി പറഞ്ഞത്. ഞാനതിൽ ഇന്റർവീൻ ചെയ്ത് കഷ്ടിച്ച്, പന്ത്രണ്ടര മണി കഴിഞ്ഞുപോയി, അങ്ങനെയാണ് പാസ്സാക്കി എടുത്തത്. രണ്ടാമത്തെ പ്രമേയം വരാൻ വേണ്ടി വളരെ പരിശ്രമം നടത്തേണ്ടിവന്നു. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇത് തർക്കത്തിന്റെ പ്രശനമല്ല. പല പ്രമേയങ്ങളിലും തർക്കത്തിന്റെ പ്രശ്നമേ വരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ പ്രമേയത്തിന്റെ പ്രാധാന്യം വച്ചുകൊണ്ട് അംഗങ്ങൾ സംസാരിക്കും. വിദേശ മലയാളികളുടെ കാര്യം വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആ ലെവലിൽ ചർച്ചചെയ്തുകൊണ്ടിരിക്കുന്ന ഒരു കാര്യമായതുകൊണ്ട് സമയമെടുക്കാൻ പാടില്ലെന്ന് പറയാൻ ചെയറിന് പറ്റില്ലല്ലോ. 50 മിനിട്ട് സമയം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അത് മനസ്സിലാക്കിക്കൊണ്ട് പരമാവധി അഡ്ജസ്റ്റ് ചെയ്യുക. അടുത്ത പ്രമേയം വരാൻ വേണ്ടി പരമാവധി ശ്രമിക്കുക. ഇതാണ് ചെയറിന് പറയുവാനുള്ളത്.

ശ്രീ. ആന്റണി രാജു : സർ, കേരളത്തിലെ സമ്പദ്ഘടനയെ താങ്ങിനിർത്തുന്ന ഗൾഫ് മലയാളികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലേക്ക് വിരൽചൂണ്ടുന്ന ചർച്ചയാണ് ഇന്നിവിടെ നടക്കുന്നത്. പ്രതിപക്ഷത്തുനിന്ന് ശ്രീ.ജി. കാർത്തികേയൻ ഉൾപ്പെടെയുള്ള ആളുകൾ ഇവിടെനിന്ന് പറയുന്നത് കേൾക്കുമ്പോൾ ഇത്രയും ഗൗരവമുള്ള വിഷയം, നമ്മൾ എത്ര മണിക്കൂറുകൾ ചർച്ച ചെയ്താലും തീരാത്ത ഒരു വിഷയം, രണ്ടാമത്തെ പ്രമേയമെടുക്കുന്നതിനുവേണ്ടി ഇതിന്റെ ചർച്ച എങ്ങനെയെങ്കിലും കാട്ടിക്കൂട്ടി അവസാനിപ്പിക്കണമെന്നു പറയുമ്പോൾ ഗൾഫ്മലയാളികൾ നിങ്ങളോട് എന്ത് ദ്രോഹമാണ് ചെയ്തത്? കേരളത്തിലെ സമ്പദ്ഘടനയെ താങ്ങിനിർത്തുന്നവർ, കേരളത്തിലേക്ക് കോടാനുകോടി രൂപ അയച്ചുകൊണ്ട് കേരളത്തിലെ എല്ലാ കുടുംബങ്ങളുമായി ബന്ധപ്പെട്ടു ജീവിക്കുന്ന ഒരു വിഭാഗം നിങ്ങൾ ഉൾക്കൊള്ളുന്ന ആളുകൾ, വിദേശ രാജ്യങ്ങൾ സന്ദർശിക്കുമ്പോൾ നിങ്ങളോട് കാര്യമായി, സൗഹാർദ്ദപരമായി പെരുമാറുന്ന ആളുകളുടെ പ്രശ്നങ്ങളെക്കുറിച്ച് എത്ര മണിക്കൂറുകൾ ചർച്ചചെയ്താലും തീരാത്ത ഒരു വിഷയം എങ്ങനെയെങ്കിലും കാട്ടിക്കൂട്ടി.....

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : കഴിഞ്ഞവർഷം വന്ന കണക്കുകളനുസരിച്ച് വിദേശ മലയാളികൾ നമ്മുടെ നാട്ടിലേക്ക് അയച്ച പണം 46,000 കോടി രൂപയാണ്. ആ 46,000 കോടി രൂപ നമ്മുടെ നാട്ടിലേക്ക് അയച്ച വിദേശ പ്രവാസികളെക്കുറിച്ചാണ് ചർച്ചചെയ്യുന്നത് എന്നത് അങ്ങ് ഓർക്കുന്നുണ്ടോ?

ശ്രീ. ആന്റണി രാജു : അതാണ് ഞാൻ പറഞ്ഞത്. ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയം ചർച്ചചെയ്യുവാൻ എന്തുകൊണ്ട് നിങ്ങൾ മടിക്കുന്നു എന്നുള്ളത് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. പ്രിയങ്കരിയായ ശ്രീമതി ശോഭനാജോർജ് പ്രസംഗിച്ചപ്പോൾ - ശ്രീമതി ശോഭനാജോർജിന് 9 മിനിട്ട് അനുവദിച്ചിട്ട് 9 സെക്കന്റുപോലും പ്രസംഗിക്കാൻ കഴിയാതെ, പ്രശ്നങ്ങൾ അവതരിപ്പിക്കുവാൻ കഴിയാതെ, മെമ്പറുടെ ഫാമിലിയിലുള്ള നല്ലൊരു ശതമാനം വിദേശത്താണ്, അങ്ങനെ കഷ്ടതയനുഭവിക്കുന്ന ജനവിഭാഗത്തിന്റെ വിഷയം ഇവിടെ അവതരിപ്പിക്കുവാനുള്ള താല്പര്യം നിങ്ങൾക്ക് നഷ്ടപ്പെട്ടു പോയത് എന്തുകൊണ്ടാണ്? അവിടെച്ചെല്ലുമ്പോൾ അവരുടെ പ്രശ്നങ്ങളെക്കുറിച്ച് പറഞ്ഞ് കണ്ണീരൊപ്പുകയും ഇവിടെ വരുമ്പോൾ വിദേശമലയാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുവാൻ സമയം കിട്ടിയാൽ അത് ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന ഈ സമീപനം തന്നെ പ്രതിപക്ഷം മാറ്റണം. ഗൾഫ് മലയാളികളുടെ പ്രശ്നത്തിൽ പ്രതിപക്ഷമെന്നോ, ഭരണപക്ഷമെന്നോയുള്ള വ്യത്യാസം കൂടാതെ നമുക്ക് ഒരുമിച്ച് ഈ പ്രശ്നം ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. എത്ര മണിക്കൂർ ചർച്ച ചെയ്താലും പരിഹരിക്കപ്പെടുന്ന വിഷയങ്ങളാണോ ഇവരിലുള്ളത്? എത്ര ആഴത്തിൽ ചർച്ച ചെയ്യേണ്ട വിഷയമാണ്.

ശ്രീ. പി. വിശ്വൻ : കേരളത്തിൽ ഏറ്റവും കൂടുതൽ ഗൾഫ് മലയാളികളുള്ളത് ചെങ്ങന്നൂരാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. ആന്റണി രാജു : ഈ വിഷയത്തിന്റെ ഗൗരവം കാണണമെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ ഇപ്പോൾ കേരള ശബ്ദ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ എഴുതിക്കൊണ്ടിരിക്കുന്ന 'അറേബ്യൻ സ്കെച്ചുകൾ' എന്ന ലേഖനം വായിച്ചിരുന്നെങ്കിൽ അവൾ ഈ സമീപനത്തിന് തയ്യാറാകുമായിരുന്നില്ല. എത്രയോ ഹൃദയസ്പൃക്കായിട്ടാണ് ഗൾഫ് മലയാളികളുടെ പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്? കേരളത്തിന്റെ ചരിത്രത്തിൽ ഇതിനുമുമ്പ് ഒരു മുഖ്യമന്ത്രി ഗൾഫ് മലയാളികളുടെ പ്രശ്നത്തെക്കുറിച്ച് ഇത്ര ഹൃദ്യമായി എഴുതിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ എഴുതിയത് ബഹുമാനപ്പെട്ട കെ.സി. വേണുഗോപാൽ വായിക്കണം.

ശ്രീ. ജി. കാർത്തികേയൻ ; ആര് എഴുതി?

(കേരള ശബ്ദം അദ്ദേഹത്തിന്റെ പേരുവച്ച്),

ശ്രീ. ആന്റണി രാജു : (കേരള ശബ്ദം അദ്ദേഹത്തിന്റെ പേരുവച്ച്), അദ്ദേഹം സന്ദർശിക്കുന്ന സ്ഥലങ്ങൾ (ചിത്രങ്ങൾ സഹിതം) എഴുതിയ ലേഖനം ആര് എഴുതിയതാണെന്ന് ശ്രീ. കാർത്തികേയനെപ്പോലുള്ള ആളുകൾ, ശ്രീ. വേണുഗോപാൽ ചോദിച്ചാൽ മനസ്സിലാക്കാം, പക്ഷേ പ്രതിപക്ഷ ഉപനേതാവായ ശ്രീ. കാർത്തികേയൻ ചോദിക്കുന്നത് കേൾക്കുമ്പോൾ കഷ്ടമെന്നല്ലാതെ എനിക്ക് മറുപടി പറയുവാൻ കഴിയുകയില്ല. ഞാൻ വിഷയത്തിലേക്ക് വരികയാണ്. ഗൾഫ് മലയാളികളെക്കുറിച്ച് പ്രധാനപ്പെട്ട കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഒന്ന്, കേരളത്തിൽനിന്നും ഗൾഫിലേയ്ക്കുള്ള വിമാന സർവ്വീസുകളുടെ അപര്യാപ്തത. ആവശ്യത്തിന് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നില്ല. അതുപോലെതന്നെ ദേശീയ വിമാന കമ്പനിയായ ഇൻഡ്യൻ എയർലൈൻസ് കേരളത്തിൽ ഒരു സർവ്വീസുപോലും ഓപ്പറേറ്റ് ചെയ്യുന്നില്ല. കേരളത്തിൽനിന്നും ഗൾഫിലേയ്ക്കുള്ള എയർ ഇൻഡ്യയുടെ കുത്തക അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് നടപടികൾ എടുക്കണം. മറ്റൊന്ന്, 68 ലക്ഷം മലയാളികൾ വിദേശത്ത് ഉണ്ടെന്ന് പറയുന്നു. അതിൽ 62 ശതമാനം പേർ കേരളത്തിൽനിന്നുള്ളവരാണ്. അങ്ങനെ വരുമ്പോൾ 43 ലക്ഷം മലയാളികൾ കേരളത്തിൽനിന്നും വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നു. അവർക്ക് ഒരുപാട് പ്രശ്നങ്ങളുണ്ട്. നിയമസഭയിൽ ആംഗ്ലോ ഇൻഡ്യൻ പ്രാതിനിധ്യം കൊടുക്കാറുണ്ട്. എന്തുകൊണ്ട് 43 ലക്ഷത്തിലധികം വരുന്ന വിദേശ മലയാളികളെ പ്രതിനിധീകരിച്ച് ഒരാളെ ലോകസഭയിലും നിയമസഭയിലും നാമനിർദ്ദേശം ചെയ്യാനുള്ള നിയമനടപടികൾ കൈക്കൊള്ളാൻ കേരളത്തിനു കഴിയുന്നില്ല. അത് നമ്മൾ ഗൗരവമായി എടുക്കണം. ഇത് അങ്ങ് സൂചിപ്പിച്ച പോയിന്റാണ്. മൂന്നാമത്തെ കാര്യം, വിദ്യാഭ്യാസ രംഗത്ത് ഗൾഫ് മലയാളികൾക്ക് പ്രശ്നങ്ങളുണ്ട്. ഗൾഫ് മലയാളികളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നടത്താൻ സൗകര്യമില്ല. ഇപ്പോൾ പ്ലസ്ടു വരെ മാത്രമാണ് അവർക്ക് അവിടെ പഠിക്കാൻ സൗകര്യമുള്ളത്. പ്ലസ്ടു കഴിയുമ്പോൾ അവർ ഇവിടെ പഠിക്കാൻ വരികയാണ്. സ്വാശ്രയ മേഖലയിലാണെങ്കിലും അല്ലെങ്കിലും ഡിഗ്രിതലത്തിൽ പഠിക്കാനുള്ള സൗകര്യം വിദേശരാജ്യത്ത് തുടങ്ങാനുള്ള നടപടി എടുക്കണം.

ശ്രീ. സി.എഫ്. തോമസ് : സർ, ഗൾഫ് മലയാളികൾക്കുവേണ്ടി ഞങ്ങളൊക്കെ പൂർണ്ണമനസ്സോടുകൂടി, വളരെ സന്തോഷത്തോടുകൂടി ഇൻഡ്യയിലെ ജനസംഖ്യയിൽ ഏറ്റവും ഗണ്യമായ ഒരു ജനവിഭാഗത്തിന്റെ പ്രശ്നം എന്നുള്ള നിലയിൽ പ്രതിപക്ഷ ബെഞ്ചുകൾ രണ്ടു കൈകളും ഉയർത്തി പിന്താങ്ങുന്ന ഒരു പ്രമേയമാണ് ഇത്. പക്ഷെ അതിന്റെ പേരിൽ പരിപാവനമായ ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ അസംബ്ലിയുടെ അവകാശങ്ങളിന്മേൽ നിങ്ങൾ കൈവയ്ക്കരുത്. ഈ പ്രമേയം ഗൾഫ് മലയാളികൾ വായിച്ച

LIBRARY ARCHIVES Kerala Legislative Assembly

റിഞ്ഞാലും കേട്ടറിഞ്ഞാലും നിങ്ങളെക്കാൾ വേഗതയിൽ അവർക്കുവേണ്ടി ഓടാൻ പ്രതിപക്ഷ ബെഞ്ചുകൾ മുഖ്യമന്ത്രിയുടെകൂടെ എപ്പോഴും ഉണ്ടായിരിക്കും എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒറ്റ കാര്യം, ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ നേരത്തെ പറഞ്ഞതുപോലെ വാചക കസർത്തല്ല വേണ്ടത്, നടപടിയാണ് വേണ്ടത്. സമീപകാലത്ത് ഗൾഫ് മലയാളികൾ അവിടെ നടത്തുന്ന പ്രസ്താവനകളും പത്രാധിപകർക്കുള്ള കത്ത് എന്നുള്ള രീതിയിൽ ഇവിടെ പത്രങ്ങളിൽ വരുന്ന കത്തുകളുമൊക്കെ വായിച്ചാൽ മനസ്സിലാകും ഭരണാധികാരികളുടെ പക്ഷത്തുനിന്നും ഇത്തിരി പ്രസ്താവനകൾ വരുന്നുണ്ട് എന്ന്. ഈ വിഷയത്തിൽ ഇവിടെ ഇതുവരെ എന്തു നടപടി എടുത്തു? കേരളത്തിന്റെ സമ്പദ്ഘടനയെ നിലനിറുത്തുന്നതുതന്നെ അവരാണ്. ഇവർ 3 വർഷം ഭരിച്ചപ്പോൾ സാമ്പത്തിക കെടുതികൊണ്ടും സാമ്പത്തിക മാന്ദ്യംകൊണ്ടും ശ്വാസംമുട്ടി നിൽക്കുന്ന കേരളത്തെ രക്ഷിക്കുന്നത് പാവപ്പെട്ട ഗൾഫ് മലയാളികളും വിദേശ മലയാളികളും രക്തം വിയർപ്പാക്കി അയയ്ക്കുന്ന പണംകൊണ്ടാണ്. അവർ മുഖാന്തിരമാണ് കേരളം നിലനിൽക്കുന്നത്, ഗവൺമെന്റ് നിലനിൽക്കുന്നത്, ബാങ്കുകൾ നിലനിൽക്കുന്നത്. എന്നിട്ട് അവരെ സഹായിക്കാനോ അവർക്കുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കാനോ എന്തു നടപടി എടുത്തു? കഴിഞ്ഞ ദിവസം ഞാൻ ഒരു ചോദ്യം ചോദിച്ചു. അവർ അവിടെനിന്നും മടങ്ങിവന്നാൽ അനുഭവിക്കാൻ പോകുന്ന തൊഴിലില്ലായ്മ പരിഹരിക്കാൻ തൊഴിലവസരങ്ങളെ സംബന്ധിച്ച ഒരു വിദഗ്ദ്ധ പഠനം നടത്തിയിട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ ഈ ഗവൺമെന്റിനുവേണ്ടി തൊഴിൽ മന്ത്രി നൽകിയ മറുപടി എന്താണെന്നറിയാമോ? ഗവൺമെന്റിന് അറിയില്ല. അത് പ്രവാസി വകുപ്പിന്റേതാണ്. എന്നാണ് മറുപടി പറഞ്ഞത് തൊഴിൽവകുപ്പിനറിയില്ല. പ്രവാസി വകുപ്പിന്റേതാണെന്ന് ഈ കാലം ഇത്രയായിട്ടും, 3 വർഷമായിട്ടും കേരളത്തിലെ തൊഴിൽ അവസരങ്ങളെക്കുറിച്ചു പഠിക്കാൻ, ഗൾഫിൽ ജോലി ചെയ്യുന്ന മലയാളികൾ കാലം തികയുന്നതിനുമുമ്പ് തിരിച്ചുവന്നാൽ അവരെ എങ്ങനെ പുനരധിവസിപ്പിക്കും എന്നതിനെക്കുറിച്ച് ശാസ്ത്രീയമായ ഒരു പഠനം നടത്താൻ, അവർക്ക് തൊഴിൽ കൊടുക്കാൻ എന്തു പദ്ധതിയുണ്ട് എന്ന് പ്രവാസി വകുപ്പ് ഇതുവരെ പഠിച്ചിട്ടില്ല. ഒരു പരിപാടിയും ഗൗരവത്തോടെ എടുക്കാതെ, പ്രമേയം വന്നിട്ട് തിരിച്ചും മറിച്ചും അതുതന്നെ പറയുകയാണ്. ശ്രീ. ആന്റണി രാജു പറഞ്ഞ കാര്യം തന്നെ ശ്രീ. പി.എസ്. സുപാൽ പറയും. ശ്രീ. പി.എസ്. സുപാൽ പറഞ്ഞ കാര്യം തന്നെ ശ്രീ. ആന്റണി രാജു പറയുന്നു. ആ ചോദ്യങ്ങൾ തന്നെ വീണ്ടും വീണ്ടും ചോദിക്കുന്നു. ഗൾഫ് മലയാളികൾക്കുവേണ്ടിയുള്ള ഇതുപോലുള്ള പ്രകടനങ്ങളല്ല അവർ ആഗ്രഹിക്കുന്നത്. ഗൗരവത്തിൽ കാര്യങ്ങൾ നടക്കണം. ഇതെന്താണ് കാണിക്കുന്നത്? അവർക്കുവേണ്ടി അവർ ആവശ്യപ്പെടുന്ന കാര്യങ്ങൾ തിട്ടപ്പെടുത്തിക്കൊണ്ട്, അവർ ഇന്നനുഭവിക്കുന്ന കാര്യങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സാധിക്കണം. വോട്ടവകാശം അതാണ് ഒന്നാമത്തെ പ്രശ്നം. ഇൻഡ്യയിൽ കേരളീയരാണ് ഗൾഫ് നാടുകളിൽ കൂടുതലുള്ളത് എന്ന് മനസ്സിലാക്കിക്കൊണ്ട് നമ്മുടെ ഗവൺമെന്റിന് അവർക്ക് വോട്ടവകാശം നേടിക്കൊടുക്കാനുള്ള പ്രത്യേക ചുമതലയുണ്ട്. അതിനുള്ള പരിശ്രമങ്ങൾക്ക് ഇൻഡ്യയിൽ നേതൃത്വം കൊടുക്കേണ്ടത്, കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടത്, നേതൃത്വം കൊടുക്കേണ്ടത് കേരളാ ഗവൺമെന്റാണ്. 3 വർഷമായിട്ട് ഇതുവരെ എന്തു നടപടിയെടുത്തു? ഒരു കാലഘട്ടത്തിൽ ഇവിടെനിന്നും അങ്ങോട്ടു പോകുന്നവരുടെ എണ്ണം വളരെ കൂടുതലായിരുന്നു. ഇപ്പോൾ ഇങ്ങോട്ട് വരുന്നതിനെക്കുറിച്ച് നമ്മൾ ഭയപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

കയാണ്. അതുകൊണ്ട് അവർ മടങ്ങിവന്നാൽ അവരെ പുനരധിവസിപ്പിക്കേണ്ട കാര്യത്തിൽ ഗൗരവതരമായ നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നു കൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഗൾഫ് മലയാളികളുടെ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. ഗൾഫ് നാടുകളിൽ പീഡിപ്പിക്കപ്പെടുന്ന നിരവധിയായ ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കുറെക്കൂടി ഗൗരവമായ സമീപനം നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗൾഫ് രാജ്യങ്ങളിൽ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ ആളുകൾ നിരവധിയാണ്. അതിനെക്കാളുപരി ഗൾഫ് നാടുകളിൽ ജോലിക്കുപോയി കോൺട്രാക്ട് പീരീഡ് കഴിഞ്ഞതിനുശേഷം അവിടത്തെ അറബികൾ പറഞ്ഞയയ്ക്കാതെ തടവിലാക്കി പീഡിപ്പിക്കപ്പെടുന്ന ഒരു വിഭാഗം ആളുകളുണ്ട്. നമ്മുടെ നാടിന്റെ സംസ്കാരവും അറബി നാടുകളിലെ സംസ്കാരവും വിഭിന്നമാണ്. നമ്മുടെ നാട്ടിൽ സദാചാരമായിട്ടുള്ളത് അവിടെ സദാചാര വിരുദ്ധമാണ്. ഇവിടെനിന്നും ഗൾഫ് നാടുകളിൽ എത്തുന്ന ആളുകൾക്ക് പലപ്പോഴും പിഴവുകൾ പറ്റുന്നത് സ്വാഭാവികമാണ്. കുറ്റങ്ങളിലേക്ക് അവർ വഴുതിവീഴാം. അങ്ങനെ ജയിലിൽ അടയ്ക്കപ്പെടുന്ന ആളുകളോട് കാരുണ്യം കാണിക്കാൻ നമുക്ക് കഴിയണം. അതുപോലെ കോൺട്രാക്ട് പിരീഡ് കഴിഞ്ഞിട്ടും സ്വന്തം നാട്ടിലേക്ക് തിരിച്ചയയ്ക്കാതെ അറബികളുടെ അപ്രഖ്യാപിത തടവറയിൽ തടവുപുള്ളികളാക്കി വച്ചിട്ടുള്ള ആളുകളുടെ പ്രശ്നങ്ങൾ വളരെ ഗൗരവമാണ്. ഇടുക്കി ജില്ലയിലെ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട അലക്സ് ജോൺ എന്ന ഒരാളിന്റെ പ്രശ്നമുണ്ട്. ഒരു മാസത്തോളമായി ഞാൻ മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് അത് പരിഹരിക്കാനുള്ള ശ്രമത്തിലാണ്. അലക്സ് ജോൺ എന്നയാൾ കോൺട്രാക്ട് പിരീഡ് കഴിഞ്ഞതിനെത്തുടർന്ന് നാട്ടിലേയ്ക്ക് തിരിച്ചുവരാൻ ആഗ്രഹിക്കുന്നു. പക്ഷേ ആ അറബി അദ്ദേഹത്തെ തിരിച്ചയയ്ക്കുന്നില്ല. അവിടെ തടവറയിലെപ്പോലെ സൂക്ഷിച്ചിരിക്കുകയാണ്. അലക്സിന് ബന്ധപ്പെടാവുന്ന ഒരു ടെലിഫോൺ ഉൾപ്പെടെ ഇവിടെ ലഭ്യമാണ്. ഇതെല്ലാം ലഭ്യമായിട്ടുപോലും അലക്സ് ജോണിന് അവിടെ വിടുതൽ ലഭിക്കുന്നില്ല. ഈ പ്രശ്നം എങ്ങനെയാണ് നമുക്ക് പരിഹരിക്കാൻ കഴിയുക? ഈ പ്രശ്നത്തെ ലാഘവത്തോടുകൂടി സമീപിക്കരുതെന്നാണ് എനിക്ക് വിനീതമായി പറയാനുള്ളത്. ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. അവിടെ പ്രത്യേകിച്ചും ജയിലുകളിൽ പാർപ്പിക്കപ്പെട്ടിട്ടുള്ള ആളുകളുടെ പ്രശ്നങ്ങൾ ലഭ്യമായാൽ, ആ പ്രശ്നങ്ങളെ വളരെ ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യാൻ കഴിയുന്ന ഒരു പ്രത്യേക സെൽ, ഒരു പ്രത്യേക സ്ക്വാഡ് തന്നെ ഉണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ജീവകാരുണ്യ മനോഭാവമുള്ള മാനുഷിക മൂല്യങ്ങൾക്ക് വിലമതിക്കുന്ന സ്നേഹ സമ്പന്നരായിട്ടുള്ള, ദയാലുക്കളായിട്ടുള്ള ആളുകളെ പ്രത്യേകം കണ്ടെത്തി, പ്രത്യേകം പരിശീലിപ്പിച്ച് ജീവത്യാഗം ചെയ്തുകൊണ്ടുപോലും ഇത്തരം സാഹചര്യത്തിൽ ഹതഭാഗ്യരായ അവരെ സഹായിക്കാനുള്ള മനസ്സാക്ഷിയുള്ള ആളുകളെ കണ്ടെത്തി അത്തരം ആളുകൾ ഉൾക്കൊള്ളുന്ന ഒരു പ്രത്യേക സ്ക്വാഡ് ഉണ്ടാക്കി ഗൾഫ് മലയാളികളുടെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽനിന്നും ദയ

LIBRARY ARCHIVES Kerala Legislative Assembly

യ്ക്കുവേണ്ടി കേഴുന്ന അലക്സ് ജോണിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം താൽപ്പര്യമെടുക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ ഈ പ്രമേയത്തെ പരിപൂർണ്ണമായി പിന്താങ്ങുകയാണ്. ഈ പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് അപ്പുറത്തുനിന്ന് സംസാരിച്ച ആളുകളുടെ സംസാരരീതി കേട്ടാൽ വിദേശ മലയാളികൾ, പ്രത്യേകിച്ച് ഗൾഫ് മലയാളികൾ ഇവരുടെ മാത്രം കുത്തകയാണെന്നേ തോന്നൂ. ഈ ഗവൺമെന്റിന് അവർക്കുവേണ്ടി ആത്മാർത്ഥമായി എന്തു ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്ന് ആലോചിക്കേണ്ടതാണ്. അടുത്ത കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൾഫ് നാടുകളിൽ പോയി. അവിടെ അദ്ദേഹം ചെന്നപ്പോൾ ഗൾഫ് മലയാളികൾ ഇന്നിവിടെ പറഞ്ഞതായ പരാതികൾ അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം 'നിങ്ങൾക്ക് എപ്പോഴും ഈ പരാതിയേയുള്ളൂ' എന്ന് പറഞ്ഞ് നാല് യോഗങ്ങളിൽ പ്രസംഗിക്കാതെ ഇറങ്ങിപ്പോയി എന്ന് പത്രത്തിൽ വായിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ബഹുമാനത്തോടുകൂടി ചോദിക്കട്ടെ, ഇവിടെ പറഞ്ഞ കാര്യങ്ങൾ ആത്മാർത്ഥമായി നടപ്പാക്കാൻ ആഗ്രഹമുണ്ടെങ്കിൽ എന്തുചെയ്യാൻ കഴിയുമെന്ന് ആലോചിക്കേണ്ടതാണ്. ഇവിടെ ചില ഗൂഢോദ്ദേശത്തോടുകൂടി, ഗവൺമെന്റിന് ബുദ്ധിമുട്ടുണ്ടാക്കുന്ന, അപ്പുറത്തുള്ള ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രണ്ടാമത്തെ പ്രമേയം വരുത് എന്നുള്ള ഉദ്ദേശത്തോടുകൂടി മന:പൂർവ്വമായി ഗൾഫ് മലയാളികളോട് ഇല്ലാത്ത സ്നേഹം ഉണ്ടെന്ന് പ്രകടിപ്പിച്ചുകൊണ്ട് ഇവിടെ പ്രസംഗം നടത്തി. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് നമ്മുടെ കേരള സംസ്ഥാനം ഇന്ന് നിലനിൽക്കുന്നത് വിദേശ മലയാളികളുടെ പണം കൊണ്ടാണ്. ആ പണം ഇല്ലെങ്കിൽ നമ്മുടെ കേരളസംസ്ഥാനം മരവിച്ചു പോകും. ആ സമ്പത്ത് വരുന്നതിന് മറ്റൊരു മാർഗ്ഗവുമില്ല. അപ്പോൾ അവർ ആവശ്യപ്പെടുന്ന കാര്യങ്ങൾ, അവർ പറയുമ്പോൾ ദേഷ്യപ്പെട്ട് ഇറങ്ങിപ്പോയത് ശരിയായില്ലായെന്നാണ് എന്റെ അഭിപ്രായം. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്റെ ഗവൺമെന്റ് തയ്യാറാകുമെന്ന് അങ്ങ് അവരോട് പറയണമായിരുന്നു. അത് പറയാനുള്ള ആർജ്ജവം അങ്ങേയ്ക്ക് ഉണ്ടാകണമായിരുന്നു. അതുകൊണ്ട് ഈ പ്രമേയത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട്, ഈ പ്രമേയത്തിൽ പറയുന്ന കാര്യങ്ങൾ ആത്മാർത്ഥമായി നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ പരിപൂർണ്ണമായി പിന്താങ്ങുന്നു.

ശ്രീ. ടി. നാണുമാസ്റ്റർ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. ഈ പ്രമേയം വളരെ പ്രധാനപ്പെട്ടതാണല്ലോ. ആ സ്ഥിതിക്ക് ആവശ്യമില്ലാത്ത കോലാഹലവും ബഹളവുമൊക്കെ ഉണ്ടാക്കി ഇതിന്റെ സ്പിരിറ്റിൽനിന്നും അകന്നുപോകുന്നത് ശരിയല്ല. സമയക്കുറവുകൊണ്ട് വിശദമായി സംസാരിക്കാൻ കഴിയുകയില്ല. രണ്ടുകാര്യങ്ങളാണ് പ്രധാനമായും നാം സ്വീകരിക്കേണ്ടത്. ഒന്ന്, അവരുടെ നന്മയ്ക്കുവേണ്ടി വളരെ പെട്ടെന്ന് ചെയ്യാവുന്ന സംസ്ഥാന ഗവൺമെന്റിന്റെ പരിപാടികൾ വളരെ ധൃതഗതിയിൽ നാം ആവിഷ്കരിക്കണം. രണ്ടാമത് കുറച്ചു സമയമെടുത്ത് നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ ഇവർക്കുവേണ്ടിയുണ്ട്. അത് ഈ പ്രമേയത്തിൽ പരാമർശിക്കുന്ന വോട്ടവകാശം പോലുള്ള കാര്യങ്ങളാണ്. അത് കേന്ദ്രഗവൺമെന്റിന്റെ നിയമനിർമ്മാണവുമൊക്കെയായിട്ട് ബന്ധപ്പെട്ടാണ് നിൽക്കുന്നത്. കുറച്ചു സമയമെടുക്കുന്നതാണ്. അതു വേണ്ടയെന്നല്ല, എന്നാലും അടിയന്തിരമായും സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങളുണ്ട്. അവരുടെ അങ്ങോട്ടുള്ള യാത്ര, തിരിച്ചുവരവ്, യാത്രാക്ലേശങ്ങൾ ലഘൂകരിക്കാനുള്ള എയർലൈൻസിന്റെ സർവ്വീസുകൾ, അവയെല്ലാം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ, അതുപോലെ അവരുടെ അവിടുത്തെ ജോലി ഉറപ്പ്, പാർപ്പിട സൗകര്യങ്ങൾക്കു മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകൾ ഉണ്ടാക്കുന്നതിലുള്ള ബുദ്ധിമുട്ട് ഇതെല്ലാം പരിഹരിക്കണം. അതുപോലെ അവർ മടങ്ങിവരുമ്പോൾ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ട് മുന്നോട്ടുപോകുന്നതിനുള്ള സാഹചര്യങ്ങൾ, പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ വേണ്ടിയുള്ള നടപടികൾ ഈവക കാര്യങ്ങളിൽ പ്രധാനമായിട്ടുള്ളത് കേന്ദ്ര ഗവൺമെന്റിന്റെ എംബസികളുമായി ബന്ധപ്പെട്ട് ആ ഉദ്യോഗസ്ഥന്മാരുടെ പെരുമാറ്റവും സേവനവും ഗൾഫ് മലയാളികൾക്ക് യഥാസമയം സമയോചിതമായിത്തന്നെ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഡെഡ്ബോഡികളും മറ്റും കൊണ്ടുവരുന്നതിന് ഇപ്പോൾ താമസം വരുന്നുണ്ട്. ഞങ്ങളൊക്കെ മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ടാണ് ഇന്ന് കാര്യങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് വളരെ പ്രയോജനമുണ്ട്. എന്നാൽ മിക്ക ആളുകൾക്കും അത് പ്രയോജനപ്പെടുന്നില്ല. മുമ്പുണ്ടായിരുന്നോ എന്നു ചോദിക്കുമ്പോൾ ഒരു കാര്യമുണ്ട്. ഇവിടെ ശ്രീ. സി.എഫ്. തോമസ് സംസാരിച്ചപ്പോൾ 'മൂന്നുവർഷം ഭരിച്ച നിങ്ങൾ എന്തെടുത്തു' എന്ന് ചോദിച്ചു. ഇതു കേട്ടാൽതോന്നും കഴിഞ്ഞ അഞ്ചുവർഷക്കാലം ഭരിച്ച നിങ്ങൾക്ക് ഇതുതന്നെയായിരുന്നു പണിയെന്ന്. അതിനപ്പുറം ഭരിച്ചപ്പോഴുള്ള കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. യു.ഡി.എഫ്.-ന്റെ പ്രധാനവക്താവ്, അവരുടെ പാർട്ടിക്ക് ഇന്റർനാഷണലുമായിട്ടൊക്കെ ബന്ധമുണ്ടെന്ന് തെളിയിച്ചിരിക്കുന്ന ശ്രീ. സി.എഫ്. തോമസാണ് ചോദിക്കുന്നത് മൂന്നുവർഷമായി ഈ ഗവൺമെന്റ് എന്തുചെയ്തുവെന്ന്. ഇതു കേട്ടാൽ തോന്നും അവർക്ക് ഗൾഫ് മലയാളികളെ ഉയർത്തുകയായിരുന്നു പണിയെന്ന്. ആ രൂപത്തിലേയക്കു പോകാതെ നമ്മുടെ സഹോദരങ്ങൾ സഹിക്കുന്ന ത്യാഗത്തിന് അവർക്കുവേണ്ടി ഒന്നും ചെയ്യാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടില്ല എന്നൊരു കുറ്റബോധമുണ്ടെന്ന് എന്തുകൊണ്ട് കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ആളുകൾക്ക് പറഞ്ഞുകൂടാ? അവരോട് നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടോ? ഇല്ലെന്ന് ഇപ്പോൾ തെളിഞ്ഞല്ലോ. ഇതുപോലുള്ള പ്രധാന പ്രശ്നങ്ങൾ വരുമ്പോഴും രാഷ്ട്രീയത്തിന്റെ ഉറവിടം കണ്ടെത്തി ആ രൂപത്തിലേയ്ക്ക് മാറ്റിയെടുക്കുന്ന 'ആര്യാടൻ തന്ത്രം' ഇത്ര വേണമായിരുന്നോ? ഗൾഫിലെ മലയാളി സുഹൃത്തുക്കളോട്, കഷ്ടതയനുഭവിക്കുന്ന മലയാളി സുഹൃത്തുക്കളോട് ഇത്രവേണമായിരുന്നോ എന്നു ഞാൻ ചോദിക്കുകയാണ്. അദ്ദേഹത്തിന്റെ അഭിപ്രായം പോട്ടെ. എല്ലാവർക്കും സമയം പോരാ, എന്നാണ് ഇവിടെ പരാതി. ഉപയോഗിക്കപ്പെടുന്ന സമയം ഈ പ്രവാസികളുടെ പ്രശ്നങ്ങൾക്കുവേണ്ടി ഗൗരവമായി ഉപയോഗിക്കാൻ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾക്ക് കഴിഞ്ഞിട്ടുണ്ടോ? ഇല്ലെന്ന് ദുഃഖത്തോടുകൂടി ഞാൻ പറയുന്നു. തിരുവല്ല, ചെങ്ങന്നൂർ മേഖലയിൽ നിർത്താത്ത തീവണ്ടിയില്ല. എന്തുകൊണ്ടാണ്? ലോകത്തിന്റെ എല്ലാ രാജ്യങ്ങളിലും പോയി സേവനമനുഷ്ഠിക്കുന്ന ധാരാളം മലയാളികൾ പോകുന്നത് ചെങ്ങന്നൂരിൽ നിന്നാണ്. അതുപോലെ തിരുവല്ലയിൽ നിന്നാണ്. അത് എല്ലാവർക്കുമറിയാം. അതുകൊണ്ടാണ് എല്ലാ തീവണ്ടികളും ആ രണ്ടു സ്റ്റേഷനുകളിൽ നിർത്തുന്നത്. എന്നാൽ ഏറ്റവും കുറച്ചു സമയംകൊണ്ട് അപ്പുറത്തിരുക്കുന്ന മെമ്പർമാരെ സ്വാധീനിക്കാത്തതെന്തെന്ന് എന്റെ പൊന്ന് ആര്യാടാ, അങ്ങ് വ്യക്തമായി ആ കാര്യം വിശദമാക്കേണ്ടതാണ്. അങ്ങോ സംസാരിക്കുന്നില്ല,

LIBRARY ARCHIVES Kerala Legislative Assembly

പോട്ടെ, അങ്ങയുടെ പാർട്ടിയിലെ ആളുകൾ അനുവദിക്കപ്പെട്ട സമയം ഗൾഫ് മലയാളികൾക്ക്വേണ്ടി സംസാരിക്കുവാൻ കൂട്ടാക്കാതെ എന്തിനാണ് നിർദ്ദേശങ്ങളും സമ്മർദ്ദങ്ങളും വയ്ക്കുന്നത്? അപ്പോൾ ഇതിന് രാഷ്ട്രീയമുണ്ട്. ഞങ്ങൾ പറയുന്നത് ഗൾഫ് മലയാളികളുടെ പ്രശ്നത്തിൽ എന്തിന് രാഷ്ട്രീയമെന്നാണ്. അതുകൊണ്ട് ഒരു കാര്യം എടുത്തുപറയാനുള്ളത്, പ്രതിപക്ഷം ഈ വിധത്തിൽ ഗൾഫ് മലയാളികളുടെ പ്രശ്നത്തിലും രാഷ്ട്രീയം കണ്ടെത്തുന്നത് ശരിയായില്ല. ഈ ഗവൺമെന്റ് മൂന്നു വർഷംകൊണ്ട് എനിക്കുതന്നെ അനുഭവമുള്ള എത്രയോ കാര്യങ്ങൾ ചെയ്തു. ചിലപ്പോൾ ഡെഡ് ബോഡികൾ കൊണ്ടുവരാൻ സാധിക്കാതെ ഞാൻ നിസ്സഹായനായി പോയിട്ടുണ്ട്. മൂന്നു പ്രാവശ്യം മുഖ്യമന്ത്രിയുടെ ഓഫീസിൽ ബന്ധപ്പെടുമ്പോൾ ഡെഡ്ബോഡികൾ എത്തിക്കുന്നതിന് വളരെയേറെ സഹായകരമായ നിലപാട് അവർ എടുക്കുകയും ചെയ്തിട്ടുള്ള അനുഭവം എനിക്കുണ്ടായിട്ടുണ്ട്. ഗൾഫ് മലയാളികളുടെ സേവന-വേതന വ്യവസ്ഥകൾ, അവരുടെ പുനരധിവാസം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയും കുടുംബാംഗങ്ങൾക്കുവേണ്ടിയും ഉള്ള നടപടികൾ, അവിടെ സേവനമനുഷ്ഠിക്കുന്നവരുടെ കുടുംബാംഗങ്ങൾക്ക് ബുദ്ധിമുട്ട് വരുമ്പോൾ സംരക്ഷണം കൊടുക്കുന്നതിനുള്ള നടപടികൾ, ഈ പ്രശ്നങ്ങളിലെല്ലാം ഗവൺമെന്റ് ത്വരിതഗതിയിൽ ഇടപെടണം എന്ന് വ്യക്തിപരമായി അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ഇവിടെ നടത്തിയ ചില അവാസ്തവ പ്രസ്താവനകളെ ആദ്യം നിഷേധിക്കണം. എന്നിട്ടു വേണം പ്രസംഗത്തിലേക്കു കടക്കാൻ. ഇവിടെ ഇരുന്ന ബഹുമാനപ്പെട്ട മെമ്പർ ജോണി നെല്ലൂർ കളവും പറഞ്ഞ് സത്യവിരുദ്ധവും പറഞ്ഞ് പൊയ്ക്കളഞ്ഞു. അദ്ദേഹം എന്താണ് പറഞ്ഞത്? ഒന്ന്, ഞാൻ അവരുടെ ഡിമാന്റുകളെ നിഷേധിച്ചു എന്ന്. മറ്റൊന്ന്, പ്രസംഗിക്കാതെ ഇറങ്ങിപ്പോയി എന്ന്. രണ്ടും പച്ചക്കള്ളമാണ്. ഞാനാണല്ലോ വ്യക്തി. എവിടെനിന്നാണ് അയാൾക്ക് ഈ വിവരം കിട്ടിയതെന്നെനിക്കറിഞ്ഞുകൂടാ. കാരണം ഗൾഫിൽ പോകാത്ത, ഗൾഫ് കാണാത്ത ഒരു മനുഷ്യൻ. ഞാൻ രണ്ടുതവണ അവിടെ പോയി. ഒരു മണിക്കൂർ പ്രസംഗിച്ചില്ല എന്നു മാത്രമേയുള്ളൂ. അഞ്ചു മിനിട്ടേ പ്രസംഗിച്ചുള്ളൂ എന്നത് സത്യമാണ്. അതേസമയം അവരുടെ ആവശ്യങ്ങളെ നിരാകരിച്ചിട്ടുമില്ല. ഒരു മണിക്കൂറൊക്കെ നീണ്ട പ്രസംഗം നടത്തുന്നവനാണ് ഞാൻ. പക്ഷേ അവിടെ അഞ്ച് മിനിട്ടേ ചിലയിടത്ത് പ്രസംഗിച്ചിട്ടുള്ളൂ. അതിനാണ് ഇറങ്ങിപ്പോയി എന്ന് പറഞ്ഞത്. മറ്റുള്ള മീറ്റിംഗിലൊക്കെ നീണ്ട പ്രസംഗമാണ്. ഇത് രാത്രി പന്ത്രണ്ട് മണിയ്ക്കായിരുന്നു. സ്ഥലം ദുബായ്. ഒരു സ്ഥലത്തും ഞാൻ അവരുടെ ആവശ്യം നിരാകരിച്ചിട്ടില്ല. അവർക്ക് കൊടുക്കുകയേ ചെയ്തിട്ടുള്ളൂ. നമ്മുടെ കേരളാ കോൺഗ്രസ്സിന്റെ ഏക നേതാവ് എന്താണ് ചെയ്തത്? അദ്ദേഹത്തിനു ദുബായ് എന്താണെന്ന് അറിയില്ല. അതുകൊണ്ടാണ് ചോദിച്ചത്. എന്താണ് ചെയ്തതെന്ന് ഞാൻ പറയുവാൻ പോവുകയാണ്. ഇവിടെ വന്ന ചോദ്യം ഗൾഫ് മലയാളികൾക്കു വേണ്ടി എന്ത് ചെയ്തു എന്നാണ്. മുഖ്യമന്ത്രിയായ ഒരാൾ ആദ്യമായി കുവൈറ്റിലും മസ്ക്കറ്റിലും ഷാർജയിലും പോയത് ഞാൻ മാത്രമാണ്. ഇത് ആദ്യമാണ്. ശ്രീ. കെ. കരുണാകരനും ശ്രീ. എ.കെ. ആന്റണിയും ഇവിടെ മുഖ്യമന്ത്രിമാർ ആയിരുന്നല്ലോ; അവർ ആരും പോയിട്ടില്ല. ഞാൻ മാത്രമേ പോയിട്ടുള്ളൂ. ഈ രാജ്യത്തിന്റെ ചരിത്രത്തിൽ ഞാനേ പോയിട്ടുള്ളൂ. ഇവിടെ ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്നു. എന്തുകൊണ്ട് പോയില്ല? ഇവിടെ കണ്ണീര് വാർക്കുന്നുണ്ടല്ലോ;

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് പോയിട്ടില്ല.

ശ്രീ. ഇ.കെ. നായനാർ : ഇ.എം.എസ്. പോയിട്ടില്ല, ഞാൻ എന്റെ കാര്യമാണ് പറഞ്ഞത്. ഇ.എം.എസ്സിന്റെ കാര്യം അങ്ങ് സ്വർഗ്ഗത്തിൽ ചെന്ന് പറഞ്ഞുകൊള്ളൂ. ഞാൻ എന്റെ കാര്യമാണ് പറഞ്ഞത്. ഇ.കെ. നായനാർ എന്ന മുഖ്യമന്ത്രി മാത്രമേ പോയിട്ടുള്ളൂ. മറ്റാരാളും പോയിട്ടില്ല. എനിക്ക് അവിടെ നിന്നും ആ രീതിയിലുള്ള സ്വീകരണവും ലഭിച്ചു. ഇനി ഗൾഫ് മലയാളികളുടെ പ്രശ്നത്തിലേക്ക് കടക്കാം. കളവ് ആദ്യം തന്നെ നിരാകരിക്കുകയാണ്. ഈ കളവുകൾ നിരാകരിച്ചിട്ടുവേണം മുന്നോട്ടുപോകുവാൻ. ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള 'പ്രവാസി കേരളീയ കാര്യവകുപ്പ്' രൂപീകരിച്ചില്ല? 1996 ഡിസംബർ 6-നാണ്. ഈ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. ഇതിനുമുമ്പ് ഇവിടെ ഗവണ്മെന്റ് ഉണ്ടായിട്ടില്ലേ; എന്തുകൊണ്ട് പ്രവാസി വകുപ്പ് രൂപീകരിച്ചില്ല; 1996 ഡിസംബറിലാണ് രൂപീകരിച്ചത്. അതിനുമുമ്പ് ഇവിടെ എത്രകൊല്ലം നിങ്ങൾ ഭരിച്ചിരുന്നു? എന്നിട്ട് രൂപീകരിച്ചില്ലല്ലോ; എന്താണ് ചെയ്തത്? എവിടെ പോയി കേരളാ കോൺഗ്രസ്സിന്റെ ഏക മെമ്പർ? ഇവിടെ കാണുന്നില്ലല്ലോ; ഒളിച്ചോടി; പ്രസംഗവും കഴിഞ്ഞ് ഒളിച്ചോടിയിരിക്കുകയാണ്. ശ്രീ. ടി.എം. ജേക്കബിന്റെ മെമ്പർ ഒളിച്ചോടി. പ്രവാസി കേരളീയവകുപ്പ് 'നോർക്ക' രൂപീകരിച്ചത് 1996 ഡിസംബർ 6-ന് എന്റെ നേതൃത്വത്തിലുള്ള ഗവണ്മെന്റാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റാണ്. ഗൾഫ് മലയാളികളുടെയും അവരുടെ നാട്ടിലുള്ള ബന്ധുക്കളുടെയും ഒട്ടേറെ പ്രശ്നങ്ങൾ 'നോർക്ക' ഇതിനകം കൈകാര്യം ചെയ്തിട്ടുണ്ട്; ഫലപ്രദമായ പരിഹാരം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അതു കേൾക്കുവാനുള്ള മനസ്സില്ലാതെ ഇറങ്ങിപോകുവാൻ പാടുണ്ടോ? ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങളുടെ വൈപുല്യം കണക്കിലെടുത്ത് 'നോർക്ക'യുടെ പ്രവർത്തനം, ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഫണ്ട് എമർജൻസി റീപാട്രിയേഷൻ ഫണ്ട് റീ ഇന്റഗ്രേഷൻ ട്രെയിനിംഗ് എന്നീ പദ്ധതികളോടെ വിപുലമാക്കുന്നതിന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നു. നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി (നോർക്ക) പൂർണ്ണ തോതിൽ പ്രവർത്തിച്ചു തുടങ്ങുന്നതോടെ പ്രവാസിക്ഷേമ പ്രവർത്തനങ്ങൾക്ക് ആക്കം വർദ്ധിക്കുന്നതാണ്. ഇപ്പോഴുള്ള 'പ്രവാസി സുരക്ഷാ കുടുംബ ആരോഗ്യ' പദ്ധതിക്കു പുറമേ സംസ്ഥാനത്തിനു പുറത്തും വിദേശത്തും പണിയെടുക്കുന്ന കേരളീയ നഴ്സുമാർക്കായി ഒരു ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. കേരളീയർ ചില ഗൾഫ് രാജ്യങ്ങളിൽ വാഗ്ദാനം ചെയ്യപ്പെട്ട സേവന-വേതന- താമസ സൗകര്യം ലഭിക്കായ്കയാലും സ്പോൺസർമാരുടെ ചതിയിൽപ്പെട്ടും പീഡിപ്പിക്കപ്പെടുന്ന നിരവധി സംഭവങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ രാജ്യങ്ങളിലെ തൊഴിൽ നിയമത്തെപ്പറ്റിയുള്ള അജ്ഞതയാണ് പലപ്പോഴും പീഡനത്തിന് കാരണമാവുന്നതെന്ന് മനസ്സിലാക്കിയതിന്റെ വെളിച്ചത്തിൽ ഓരോ രാജ്യത്തും നിലവിലുള്ള എമിഗ്രേഷൻ, തൊഴിൽനിയമങ്ങളെപ്പറ്റി ഗൾഫ് മലയാളികളെയും അവിടേക്ക് പോകാൻ ഉദ്ദേശിക്കുന്നവരെയും ബോധവൽക്കരിക്കാൻ ശ്രമിക്കും. ഈ ലക്ഷ്യത്തോടെ ഗവണ്മെന്റ് ഉടനെ ഒരു പ്രസിദ്ധീകരണം പുറത്തിറക്കുന്നതാണ്. ഇതിന്റെ വിവരം എംബസികളിൽനിന്നും ശേഖരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വീട്ടുജോലിക്കായി പോകുന്ന സ്ത്രീകളാണ്, പീഡനം നേരിടുന്ന മറ്റൊരു വലിയ വിഭാഗം. ഇതു സംബന്ധിച്ച് പരാതികൾ ലഭിക്കുമ്പോൾ എംബസിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കാണാറുണ്ട്. നമ്മുടെ സുഹൃത്തുകൾക്ക് ഒരു ധാരണയുണ്ട്, നമുക്ക് നേരിട്ട് കൈകാര്യം ചെയ്യുവാൻ കഴിയുമെന്ന്. കഴിയുകയില്ല. അതു മറ്റൊരു രാജ്യമാണ്. ഇൻഡ്യ ഗവണ്മെന്റിനു ഫോറിൻ എംബസിവഴിക്കേ കൈകാര്യം ചെയ്യാനാകൂ. അല്ലാതെ നെടുമങ്ങാട്ടുപോയി കാര്യം സാധിക്കുന്നതുപോലെയല്ല. അങ്ങനെയുള്ള ആ ധാരണ ആദ്യം മാറ്റണം. അതൊരു വിദേശ രാജ്യമാണ്. ആരായാലും, അപ്പുറത്തുള്ളവരായാലും ഇപ്പുറത്തുള്ളവരായാലും അവരോട് പറയുവാനുള്ളത് ഇതാണ്. ഒരു വിദേശ രാജ്യമാണ്. അയൽ വീട്ടിൽപ്പോയി കാര്യം സാധിക്കുന്നതുപോലെയല്ല. ഇൻഡ്യാ ഗവണ്മെന്റിന്റെ വിദേശ കാര്യവകുപ്പും അവിടെനിന്ന് എംബസിവഴിക്ക് ആ കാര്യം ഗവണ്മെന്റുമായി ചർച്ചചെയ്യാം, അങ്ങനേ ഇതു നടപ്പാകൂ. അവിടെ നിന്നും കൃഷിമന്ത്രി പോയിരുന്നല്ലോ; വടക്കേ വീട്ടിൽ പോയിട്ട് വന്നതുപോലെയാണ് വന്നത്. അതു നടക്കില്ല. അപ്പുറത്തും ഇപ്പുറത്തും ഉള്ളവർ അറിയണം. എന്താണെന്നു വച്ചാൽ, പ്രസംഗിക്കുമ്പോൾ ചോദിക്കും, വടക്കേ വീട്ടിൽ കുമാരനും തെക്കേ വീട്ടിൽ ഹംസയും എന്തോ കാര്യം സാധിച്ചതുപോലെ എന്നു തോന്നും. നടക്കുകയില്ല. ഇൻഡ്യാ ഗവണ്മെന്റിന്റെ വിദേശവകുപ്പിനെ ആദ്യം കോൺടാക് ചെയ്യണം. പിന്നെ എംബസിയെ കോൺടാക് ചെയ്യണം. എന്നിട്ട് അവിടത്തെ ഗവണ്മെന്റിനെ കോൺടാക് ചെയ്യണം. അങ്ങനെയേ പണി നടക്കൂ. ഗൾഫ് മലയാളികളുടെ പ്രശ്നപരിഹാരം സംസ്ഥാന ഗവണ്മെന്റിന്റെ പരിമിതിക്കുള്ളിൽ ഒതുങ്ങുന്നതല്ല. കേരളാ ഗവണ്മെന്റ് നടത്തിയ നിരന്തര നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു 'സെൻട്രൽ മാൻപവർ എക്സ്പോർട്ട് പ്രോമോഷൻ കൗൺസിലും' 'ഇൻഡ്യൻ ഓവർസീസ് വർക്കേഴ്സ് വെൽഫയർ ഫണ്ടും' രൂപീകരിക്കുന്നതിനായി കേന്ദ്രമന്ത്രിസഭാ തീരുമാനത്തിനുള്ള കരട് കുറിപ്പിന്മേൽ വിവിധ മന്ത്രാലയങ്ങളുടെ അഭിപ്രായം ആരാഞ്ഞുവരികയാണെന്ന് കേന്ദ്ര ഗവണ്മെന്റ് 23.6.1999-ൽ ഈ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്. ഈ ഏജൻസികളുടെ രൂപീകരണം പ്രവാസി കേരളീയർ നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കാം. ഗൾഫിൽ ചില മേഖലകളിലെ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നതും തൊഴിൽമേഖലയിൽ മാറ്റം വരുത്തുന്നതും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽമേഖലയിൽ വരുന്ന മാറ്റം ആഴത്തിലുള്ള പഠനം അർഹിക്കുന്നതാണ്. മാറുന്ന തൊഴിൽ സാഹചര്യത്തിനനുസൃതമായി പ്രവാസി കേരളീയരുടെ വൈദഗ്ധ്യം മെച്ചപ്പെടുത്തി. ഓരോ തൊഴിലിലും ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം, മാറിവരുന്ന പരിതസ്ഥിതിക്കനുസരിച്ച് തൊഴിലാളിയിൽനിന്നും പ്രതീക്ഷിക്കുന്ന വൈദഗ്ധ്യം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഗൾഫ് രാജ്യങ്ങളിലെ ഇൻഡ്യൻ അംബാസിഡർമാരോടും പ്രമുഖ മലയാളി സംഘടനകളോടും ആരാഞ്ഞിട്ടുണ്ട്. സൗദി അറേബ്യയിലെ ഇൻഡ്യൻ അംബാസിഡർ ഇക്കാര്യത്തിൽ കേരളാ ഗവണ്മെന്റിന്റെ ദീർഘവീക്ഷണത്തെ അഭിനന്ദിക്കുകയുണ്ടായി. ഇൻഡ്യ ഗവണ്മെന്റിന്റെ വിദേശകാര്യവകുപ്പും അഭിനന്ദിക്കുകയുണ്ടായി. ഇത് ഇൻഡ്യയിലെ ഒരു സ്റ്റേറ്റും കൈകാര്യം ചെയ്യുന്നില്ല. എന്നിട്ട് അതിന്റെ കോപ്പി എടുത്ത് ഇൻഡ്യാ ഗവണ്മെന്റിന്റെ വിദേശവകുപ്പ് 'നോർക്ക' യുടെ പ്രവർത്തനത്തെ സംബന്ധിച്ച് ഇൻഡ്യയിലെ എല്ലാ പ്രോവിൻസിനും അയച്ചുകൊടുത്തിട്ടുണ്ട്. അതിന്റെ കോപ്പി ഇവിടെയും അയച്ചുതന്നിട്ടുണ്ട്. ഇതാണ് ചെയ്തിട്ടുള്ളത്. ആദ്യം ഇൻഡ്യയിലെ വിദേശകാര്യ വകുപ്പിലെ മലയാളികളു

LIBRARY ARCHIVES Kerala Legislative Assembly

ടെയെല്ലാം അങ്ങനെ ഒരു വകുപ്പു കൈകാര്യം ചെയ്യുന്നത് ഇൻഡ്യയിൽ ഒരു സ്റ്റേറ്റിലും ഇല്ല. ഈ സ്റ്റേറ്റിൽ മാത്രമേയുള്ളൂ. അമ്പാസിഡർമാരോടും പ്രമുഖ മലയാളി സംഘടനകളോടും ഇക്കാര്യം ആരാഞ്ഞിട്ടുണ്ട്. സൗദി അറേബ്യയിലെ ഇൻഡ്യൻ അംബാസഡർ ഇക്കാര്യത്തിൽ കേരളാ ഗവണ്മെന്റിനെ അഭിനന്ദിക്കുകയുണ്ടായി. ഇത്രയും ദീർഘവീക്ഷണത്തോടെയുള്ള മാതൃകാപരമായ ഉദ്യമം ഇൻഡ്യയിൽ ആദ്യത്തേതായിരിക്കും. തൊഴിൽ നഷ്ടപ്പെടുന്ന ഭീതിയിൽ നിന്നും പതിനായിരക്കണക്കിന് മലയാളികളെ രക്ഷപ്പെടുത്താനും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ സുസ്ഥിരമാക്കാനും ഈ പദ്ധതിക്കു കഴിയും. ഗൾഫ് മലയാളികളുടെ യാത്ര സുഗമമാക്കുന്നതിന് കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കണമെന്നും എയർപോർട്ടുകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നും കേന്ദ്രഗവണ്മെന്റിനോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി നെടുമ്പാശ്ശേരിയിലേക്ക് കൂടുതൽ സർവ്വീസുകളും വരും. കസ്റ്റംസ് ഉദ്യോഗസ്ഥൻമാർക്ക് മെച്ചപ്പെട്ട പെരുമാറ്റത്തിന് കേന്ദ്രത്തിൽനിന്ന് പ്രത്യേക നിർദ്ദേശമുണ്ട്. മസ്ക്കറ്റിൽ ഒരു സ്വീകരണത്തിൽ അവിടെയുള്ള മന്ത്രിമാർ മുഴുവനും പങ്കെടുത്തിരുന്നു;(അവിടത്തെ ഭരണാധികാരികൾ). അവർ നമ്മുടെ രാജ്യത്തെപ്പറ്റി അന്വേഷിക്കുകയും കഴിയുന്ന സഹായം ചെയ്യാമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. എത്ര കണ്ട് കിട്ടുമെന്നുള്ളത് ഭാവിയിൽ നമുക്കു ആലോചിക്കാം. ഗൾഫ് മലയാളികളുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിനായി, ഇതു സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തിര നടപടി സ്വീകരിക്കാൻ പോലീസിനു നിർദ്ദേശം നൽകിവരുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസവും നമ്മുടെ എഡ്യൂക്കേഷൻ സിസ്റ്റവും പഠന സ്വഭാവങ്ങളും ഇന്ന് അബുദാബിയിൽ പാലിക്കുന്നുണ്ട്. നമുക്കുള്ളതായ സ്കൂളും അവിടെയുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രൊഫഷണൽ മേഖലയിൽ കൂടുതൽ എന്തു ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കാർഡിൽ ഗൾഫ് മലയാളികളുടെ പേരു ചേർക്കാൻ തീരുമാനിച്ചതും സർക്കാർ ജോലിയിൽ ചേരനുള്ള സമയം ദീർഘിപ്പിച്ചതും ഗൾഫ് മലയാളികൾക്കുവേണ്ടി ഈ ഗവണ്മെന്റ് നടപ്പാക്കിയ രണ്ടു ശ്രദ്ധേയമായ കാര്യങ്ങളാണ്. ഗൾഫിൽനിന്നും തിരിച്ചെത്തിയവരുടെ പുനരധിവാസത്തിനുവേണ്ടി, 1988-ൽ 700 കോടി രൂപയുടെ ഒരു പദ്ധതി സെൻട്രൽ ഗവണ്മെന്റിന് ഞാൻ സമർപ്പിച്ചിരുന്നു. ഗൾഫിൽ നിന്ന് തിരിച്ചുവരുന്നവർക്ക് ജോലി കിട്ടാനും അവർക്ക് വ്യവസായത്തിനുമാണ്. അക്കാര്യം ഇനിയും ഇൻഡ്യാ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. അതേ സ്കീം തന്നെ അവിടെ കിടപ്പുണ്ട്. 700 കോടി രൂപയുടെ സ്കീമാണ് സമർപ്പിച്ചത്. 1950-ലെ ജനപ്രാതിനിധ്യ നിയമത്തിലെ 19-ാം വകുപ്പനുസരിച്ച് ഒരു നിയോജകമണ്ഡലത്തിലെ സാധാരണ താമസക്കാരനല്ലാത്ത (Not Ordinary Resident ആയിട്ടുള്ള) ഒരാളിന് നിയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയിൽ പേരു രജിസ്റ്റർ ചെയ്യാൻ അർഹതയില്ല. ഇക്കാരണത്താൽ സ്ഥിര താമസമല്ലാത്ത വിദേശമലയാളികൾക്ക് വോട്ടവകാശം ലഭിക്കുന്നില്ല. വിദേശ മലയാളികൾക്ക്, വോട്ടർ പട്ടികയിൽ പേരുചേർക്കുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല എന്നല്ല. എന്നിട്ടു ചെയ്തതെന്താണ്? അതുകൂടി നിങ്ങൾ മനസ്സിലാക്കണം. രാജ്യസഭയുടെ പെറ്റീഷൻസ് കമ്മിറ്റി അതു പരിശോധിച്ചു. വിദേശ മലയാളികൾക്ക് വോട്ടവകാശം നൽകാൻ കഴിയുകയില്ല എന്ന നിഗമനത്തിൽ അവരെത്തി. അതിനെതിരായിട്ട് വീണ്ടും നമ്മൾ സമ്മർദ്ദം ചെലുത്തണം. ഇരട്ട

LIBRARY ARCHIVES Kerala Legislative Assembly

പൗരത്വത്തിന്റെ പ്രശ്നമാണ് ഇതിൽ അന്തർഭവിച്ചിട്ടുള്ളത് എന്നാണ് അവരുടെ ആരോപണം. സെൻട്രൽ ഗവണ്മെന്റിന്റെ രാജ്യസഭയുടെ പെറ്റീഷൻസ് കമ്മിറ്റിയുടെ അഭിപ്രായമാണ്. അങ്ങനെ ഈ പ്രശ്നം ഇപ്പോൾ നിൽക്കുകയാണ്. ഈ പ്രശ്നം സംസ്ഥാനഗവണ്മെന്റിന്റെ പരിധിയിൽപ്പെടുന്നതല്ലെന്നുള്ളതുകൊണ്ട് വീണ്ടും നമുക്ക് അതിനുവേണ്ട അഭ്യർത്ഥന നടത്താം. തീർച്ചയായിട്ടും ഈ പ്രമേയം പ്രസ്സു ചെയ്യരുതെന്നുള്ള ഒരു അഭ്യർത്ഥനയാണ് എനിക്കുള്ളത്....(ബഹളം)....

ശ്രീ. സുലൈമാൻ റാവുത്തരുടെ ഒരു കത്തു കിട്ടി. അത് അന്നുതന്നെ കുവൈറ്റ് അംബാസിഡർക്ക് കൊടുത്തിട്ടുണ്ട്. ശ്രീ. അലക്സ് ജോണിന്റെ പ്രശ്നം ശ്രീ. സുലൈമാൻ റാവുത്തർ ഇവിടെ ഉന്നയിക്കുകയുണ്ടായി. ആ പ്രശ്നം സംബന്ധിച്ച് അദ്ദേഹത്തിന്റെ കത്തുകിട്ടിയ അന്നുതന്നെ കുവൈറ്റ് അംബാസഡർക്ക് മെസ്സേജ് അയച്ചിട്ടുണ്ട്. മറുപടി കിട്ടാൻ വൈകിയതിനാൽ വീണ്ടും ഓർമ്മക്കുറുപ്പ് അയച്ചിട്ടുണ്ട്. എമ്പസിയിൽ നിന്നും ലഭിച്ച മറുപടി ശ്രീ. സുലൈമാൻ റാവുത്തർക്ക് കൈമാറിയിട്ടുണ്ട്. അതിനെപ്പറ്റിയാണ് ഇവിടെ വീണ്ടും ഉന്നയിച്ചത്. ശ്രീ. അലക്സ് ജോൺ എന്ന എ.സി. ടെക്നീഷ്യന്റെ ടെലിഫോൺ നമ്പർ ശരിയല്ലെന്നാണ് എമ്പസിയിൽ നിന്നു കിട്ടിയ മറുപടി. അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് എമ്പസി ഉറപ്പു നൽകിയിട്ടുണ്ട്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങു ഇതു പ്രസ്സു ചെയ്യേണ്ട എന്നല്ലേ പറഞ്ഞത്?

ശ്രീ. ഇ.കെ. നായനാർ : അതെ. ഞാൻ പറഞ്ഞത് നിർബന്ധിക്കരുതെന്നാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ശ്രീ. പി. രാജു, അങ്ങയുടെ പ്രമേയം പ്രസ്സു ചെയ്യുന്നുണ്ടോ?

ശ്രീ. പി. രാജു : പ്രസ്സു ചെയ്യുന്നില്ല. പക്ഷേ ഒരു മിനിറ്റ്.....

മി. സ്പീക്കർ : നോ എക്സ്പ്ലനേഷൻ. പ്രസ്സു ചെയ്യുന്നുണ്ടേ, ഇല്ലയോ?

ശ്രീ. പി. രാജു : പ്രസ്സു ചെയ്യുന്നില്ല.....(ബഹളം)

മി. സ്പീക്കർ : അതിനൊരു ബഹളം വേണ്ട. സഭയുടെ നടപടിക്രമമുണ്ട്. ചെയർ തുടർന്നുവരുന്ന കാര്യങ്ങൾ നിങ്ങൾക്കറിയാമല്ലോ? പിന്നെ എന്തിനാണ് സമയം വെറുതെ പാഴാക്കുന്നത്.....(ബഹളം).....

ശ്രീ. ജി. കാർത്തികേയൻ : സർ, പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ : ശ്രീ. പി. രാജു അവതരിപ്പിച്ച പ്രമേയം പിൻവലിക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ.....

സഭ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ 38

ശ്രീ. എ. അലി ഹസ്സൻ
ശ്രീ. ആന്റണി രാജു
ശ്രീ. ടി.കെ. ബാലൻ
ശ്രീ. സി.പി. ബാലൻവൈദ്യർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
ശ്രീ. വി.കെ. ചന്ദ്രൻ
ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
ശ്രീമതി ഗിരിജാ സുരേന്ദ്രൻ
ശ്രീ. സി.എൻ. ജയദേവൻ
ശ്രീ. ജോൺ ഫെർണാണ്ടസ്
ശ്രീ. എ. കണാരൻ
ശ്രീ. എൻ. കണ്ണൻ
ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
ശ്രീ. ഇ.കെ. നായനാർ
ശ്രീ. പി.കെ. കുമാരൻ
ശ്രീ. സി.എ. കുര്യൻ
ശ്രീ. പാലോളി മുഹമ്മദ് കുട്ടി
ശ്രീ. പിരപ്പൻകോട് മുരളി
ശ്രീ. ടി. നാണുമാസ്റ്റർ
ശ്രീ. പി. നാരായണൻ
ശ്രീ. ടി.കെ. നൗഷാദ്
ശ്രീ. കെ. പ്രകാശ് ബാബു
ശ്രീമതി എൻ.കെ. രാധ
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. പി. രാഘവൻ
ശ്രീ. സി.കെ. രാജേന്ദ്രൻ
ശ്രീ. കെ.പി. രാജേന്ദ്രൻ
ശ്രീ. പി. രാജു
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
ശ്രീ. എസ്. ശർമ്മ
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
ശ്രീ. ടി. ശിവദാസമേനോൻ
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
ശ്രീ. പി.എസ്. സുപാൽ
ശ്രീ. വർഗ്ഗീസ് വൈദ്യർ
ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ 15

ശ്രീ. പി.കെ. അബ്ദുറബ്ബ്
ശ്രീ. സി.ടി. അഹമ്മദ് അലി
ശ്രീ. ഇ.എം. അഗസ്തി
ശ്രീ. കെ.എ. ചന്ദ്രൻ
ശ്രീ. പി.ജെ. ഫ്രാൻസിസ്
ശ്രീ. ടി.എം. ജേക്കബ്

ശ്രീ. ജി. കാർത്തികേയൻ
ശ്രീ. എ.കെ. മണി
ശ്രീ. സി. മൊയീൻകുട്ടി
ശ്രീ. ആര്യാടൻ മുഹമ്മദ്
ശ്രീ. എഴുകോൺ നാരായണൻ
ശ്രീമതി ശോഭനാ ജോർജ്
ശ്രീ. കെ. സുധാകരൻ
ശ്രീ. കെ.സി. വേണുഗോപാൽ
ശ്രീ. ബി. വിജയകുമാർ
നിഷ്പക്ഷത പാലിക്കുന്നവർ -ആരുമില്ല

മി. സ്പീക്കർ : ശ്രീ. പി. രാജു അവതരിപ്പിച്ച പ്രമേയം പിൻവലിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ -38

പ്രതികൂലിക്കുന്നവർ -15

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

പ്രമേയം പിൻവലിക്കപ്പെട്ടിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലൈ 19-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്ക് 12.35 ന് പിരിഞ്ഞു)

അനുബന്ധം I

16.7.1999 ലെ നക്ഷത്ര ചിഹ്നമിട്ട 17 (*487-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക)

വികാലാംഗക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നു.

1. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും പഠിയ്ക്കുന്ന വികലാംഗ കുട്ടികൾക്ക് സ്കോളർഷിപ്പും അംഗീകൃത വ്യവസായ ശാലകളിൽ പരിശീലനം നേടുന്നവർക്ക് സ്റ്റൈപ്പന്റും നൽകിവരുന്നു. അന്ധരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനു പുറമേ വായന സഹായ ബത്തയും അനുവദിക്കുന്നുണ്ട്. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് അനുവദിക്കുന്ന സ്കോളർഷിപ്പ് മറ്റുള്ളവർക്ക് നൽകുന്നതിനേക്കാൾ കൂടുതലാണ്. നിരക്കുകൾ താഴെ കൊടുക്കുന്നു.

ക്ലാസ്	തുക (പ്രതിമാസം)
1-4 വരെ	പ്രതിമാസം 30 രൂപ സ്കോളർഷിപ്പ്+25 രൂപ പ്രതിവർഷ അലവൻസ്
5-8 വരെ	പ്രതിമാസം 45 രൂപ സ്കോളർഷിപ്പ്+40 രൂപ പ്രതിവർഷ അലവൻസ്

LIBRARY ARCHIVES Kerala Legislative Assembly